# IBM സ്വകാര്യതാ പ്രസ്താവന

ഈ സ്വകാര്യതാ പ്രസ്താവന 23
ജൂലൈ 2024 മുതൽ

ഞങ്ങളെ സമീപിക്കുക →



ഈ സ്വകാര്യതാ പ്രസ്താവന അപ്ഡേറ്റ് ചെയ്തിരിക്കുന്നു

മുൻ പതിപ്പുകൾ →

## ആമുഖം

IBM ൽ ഞങ്ങൾ നിങ്ങളുടെ സ്വകാര്യതയെ വിലമതിക്കുന്നു, നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ ഉത്തരവാദിത്തത്തോടെ സംരക്ഷിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ഞങ്ങളുടെ ക്ലയന്റുകളുമായും ബിസിനസ് പങ്കാളികളുമായും വിതരണക്കാരുമായും IBM -ആയി ബിസിനസ് ബന്ധം പുലർത്തുന്ന അല്ലെങ്കിൽ പുലർത്താൻ ആലോചിക്കുന്ന മറ്റ് ഓർഗനൈസേഷനുകളുമായും ഉപഭോക്താക്കളെയും മറ്റ് വ്യക്തികളെയും കുറിച്ചുള്ള വ്യക്തിഗത വിവരങ്ങൾ IBM എങ്ങനെ ശേഖരിക്കുന്നു, ഉപയോഗിക്കുന്നു, പങ്കിടുന്നു എന്ന് ഈ സ്വകാര്യതാ പ്രസ്താവനയിൽ വിവരിക്കുന്നു. IBM-നെ പരാമർശിക്കാതെ ഒരു അനുബന്ധ സ്ഥാപനം സ്വന്തം പ്രസ്താവന അവതരിപ്പിക്കുന്നിടത്ത് ഒഴികെ IBM കോർപ്പറേഷനും IBM അനുബന്ധ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്.

ഒരു ക്ലയന്റിന് ബിസിനസ്സ് ടു ബിസിനസ് ദാതാവ് എന്ന നിലയിൽ ഞങ്ങൾ ഉൽപ്പന്നങ്ങളോ സേവനങ്ങളോ ആപ്ലിക്കേഷനുകളോ നൽകുന്നിടത്ത്, ഈ ഉൽപ്പന്നങ്ങളോ സേവനങ്ങളോ ആപ്ലിക്കേഷനുകളോ ഉപയോഗിക്കുമ്പോൾ വ്യക്തിഗത വിവരങ്ങളുടെ ശേഖരണത്തിനും ഉപയോഗത്തിനും ക്ലയന്റ് ഉത്തരവാദിയാണ്. മറ്റു വിധത്തിൽ വിവരിച്ചിട്ടില്ലെങ്കിൽ, ഈ ശേഖരണവും ഉപയോഗവും ക്ലയന്റിന്റെ സ്വകാര്യതാ നയത്തിന്റെ പരിധിയിൽ വരുന്നതാണ്. കരാർ മാനേജ്മെന്റിന്റെ കാരണങ്ങളാൽ ഈ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ അല്ലെങ്കിൽ ആപ്ലിക്കേഷനുകളുടെ അംഗീകൃത ഉപയോക്താക്കളെക്കുറിച്ചുള്ള വിവരങ്ങൾ അഭ്യർത്ഥിക്കാനും ശേഖരിക്കാനും ക്ലയന്റുമായുള്ള ഞങ്ങളുടെ കരാർ ഞങ്ങളെ അനുവദിച്ചേക്കാം. ഈ സാഹചര്യത്തിൽ, ഈ സ്വകാര്യതാ പ്രസ്താവനയോ അനുബന്ധ സ്വകാര്യതാ അറിയിപ്പോ ബാധകമാണ്.

ഒരു അനുബന്ധ സ്വകാര്യതാ അറിയിപ്പ് ഉപയോഗിച്ച് ഞങ്ങൾ കൂടുതൽ ഡാറ്റ സ്വകാര്യത വിവരങ്ങൾ നൽകിയേക്കാം.

---

## ഞങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തിപരമായ വിവരങ്ങൾ

ഞങ്ങൾ ശേഖരിക്കുന്ന വിവിധ തരത്തിലുള്ള വിവരങ്ങളെക്കുറിച്ചും അത് എങ്ങനെ ഉപയോഗിക്കുന്നുവെന്നതിനെ കുറിച്ചും ഈ വിഭാഗം വിവരിക്കുന്നു.

നിങ്ങളുടെ അക്കൗണ്ട്, IBM വെബ്സൈറ്റുകൾ, IBM ആപ്ലിക്കേഷനുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ, മാർക്കറ്റിംഗ്, കരാർ ബന്ധങ്ങൾ, സഹായ സേവനങ്ങൾ, നിങ്ങളെയും IBM -നെയും എങ്ങനെ സംരക്ഷിക്കുന്നു, IBM ലൊക്കേഷനുകൾ, റിക്രൂട്ട്മെന്റും മുൻ ജീവനക്കാരും, ഞങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങൾ എങ്ങനെ നടത്തുന്നു, കുക്കികളും സമാന സാങ്കേതികവിദ്യകളും, ഒപ്പം കുട്ടികൾഎന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഞങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വിവരങ്ങളിൽ പ്രൊഫൈൽ വിവരങ്ങൾ, വെബ്പേജുകളിലെ ഇടപെടലുകൾ, മാർക്കറ്റിംഗ് മുൻഗണനകൾ, ക്ഷുദ്ര പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിനുള്ള വിവരങ്ങൾ, പിന്തുണാ ആവശ്യങ്ങൾക്കായി ഞങ്ങളുമായുള്ള നിങ്ങളുടെ സംഭാഷണങ്ങളുടെ റെക്കോർഡിംഗുകൾ അല്ലെങ്കിൽ ട്രാൻസ്ക്രിപ്റ്റുകൾ, ഞങ്ങളുടെ ബിസിനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവരങ്ങൾ എന്നിവയും അതിലേറെയും ഉൾപ്പെട്ടേക്കാം.

---

### നിങ്ങളുടെ അക്കൗണ്ട്

ഒരു IBMid സൃഷ്ടിച്ചുകൊണ്ട് നിങ്ങൾക്ക് IBM ൽ ഒരു അക്കൗണ്ട് സൃഷ്ടിക്കാൻ കഴിയുന്നതാണ്. ഒരു IBMid നിങ്ങളുടെ പേര്, ഇമെയിൽ വിലാസം, താമസിക്കുന്ന രാജ്യം അല്ലെങ്കിൽ പ്രദേശം എന്നിവ IBM -ന് നൽകുന്നു. IBM ആപ്ലിക്കേഷനുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ തുടങ്ങിയവയുടെ ഉപയോഗം പോലുള്ള ചില സേവനങ്ങൾക്ക് ഞങ്ങൾക്ക് ഒരു IBMid ആവശ്യമായി വന്നേക്കാം

നിങ്ങൾ ഞങ്ങൾക്ക് നൽകുന്ന ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങളിൽ നിന്നോ നിങ്ങളുടെ ഓർഗനൈസേഷനിൽ നിന്നോ ഞങ്ങളുടെ ബിസിനസ്സ് പങ്കാളികളിൽ നിന്നോ ഞങ്ങളുടെ വിതരണക്കാരിൽ നിന്നോ ഞങ്ങൾ ശേഖരിക്കുന്ന നിങ്ങളുടെ വിശദാംശങ്ങളും ഞങ്ങൾ സംഭരിച്ചേക്കാം.

കൂടുതലറിയുക

നിങ്ങൾ ഞങ്ങളുടെ വെബ്സൈറ്റുകൾ ആക്സസ് ചെയ്യുമ്പോഴോ ഒരു അഭ്യർത്ഥന നടത്തുമ്പോഴോ ഓർഡർ നൽകുമ്പോഴോ ഒരു ഉൽപ്പന്നമോ സേവനമോ ഉപയോഗിക്കുമ്പോഴോ ഒരു IBMid നിങ്ങളെ പ്രത്യേകം തിരിച്ചറിയുന്നു. നിങ്ങൾ ഒരു IBMid ഉപയോഗിച്ച് ഞങ്ങളുടെ വെബ്സൈറ്റുകളിലേക്ക് ലോഗിൻ ചെയ്യുകയാണെങ്കിൽ, ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ നിങ്ങളുടെ അക്കൗണ്ടുമായി ഞങ്ങൾ ലിങ്ക് ചെയ്തേക്കാം. ഒരു IBMid IBM ആപ്ലിക്കേഷനുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ എന്നിവയിലേക്ക് നിങ്ങൾക്ക് ആക്സസ് നൽകാനും ഉപയോഗിക്കുന്നു കൂടാതെ നിങ്ങളുടെ കരാറും ബില്ലിംഗ് ചരിത്രവും നിയന്ത്രിക്കുവാനും നിങ്ങളെ അനുവദിക്കുന്നു. നിങ്ങൾ സബ്സ്ക്രൈബ് ചെയ്യുന്ന ഏതെങ്കിലും സേവനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങളെ ബന്ധപ്പെടാൻ നിങ്ങളുടെ IBMid ലെ ഇമെയിൽ വിലാസം ഉപയോഗിച്ചേക്കാം.

ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ സാധാരണയായി ഒരു ബിസിനസ് കാർഡിൽ നിങ്ങൾ കണ്ടെത്തുന്ന പേരും ബിസിനസ്സ് കോൺടാക്റ്റ് വിശദാംശങ്ങളും പോലുള്ള വിവരങ്ങളാണ്. ബിസിനസ് കാര്യങ്ങളെക്കുറിച്ച് നിങ്ങളെ ബന്ധപ്പെടുന്നതിനോ ആശയവിനിമയം നടത്തുന്നതിനോ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. ഒരു IBM ബിസിനസ്സ് പങ്കാളി അല്ലെങ്കിൽ വിതരണക്കാരൻ പോലുള്ള ഒരു മൂന്നാം കക്ഷിയിൽ നിന്ന് ഞങ്ങൾക്ക് ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിവരങ്ങൾ ശരിയായ രീതിയിൽ പങ്കിട്ടിട്ടുണ്ടെന്ന് ഞങ്ങൾ സ്ഥിരീകരിക്കുന്നതാണ്

നിങ്ങളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം, വൈദഗ്ധ്യം, പ്രവൃത്തി പരിചയം, ബിസിനസ് സംബന്ധിയായ ബ്ലോഗുകൾ, പ്രസിദ്ധീകരണങ്ങൾ, ജോലി, സർട്ടിഫിക്കേഷനുകൾ എന്നിവ പോലുള്ള പൊതുവായി ലഭ്യമായ മറ്റ് വിവരങ്ങളും മറ്റ് ബിസിനസ്സ് പ്രസക്തമായ വിവരങ്ങളുമായി നിങ്ങളുടെ ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ

ഞങ്ങൾ സംയോജിപ്പിച്ചേക്കാം. IBM-ന്റെ ബിസിനസ്സിന്റെ ഏതെങ്കിലും ഭാഗത്ത് നിങ്ങളുമായുള്ള ഞങ്ങളുടെ ഇടപെടലുകൾ ക്രമീകരിക്കുന്നതിന് ഈ വിവരങ്ങൾ ഉപയോഗിച്ചേക്കാം, ഉദാഹരണത്തിന് വിൽപ്പന പ്രക്രിയയിൽ, നിങ്ങളുമായി ഒരു ബന്ധം നിലനിർത്തുന്നതിനും കരാറിന് ശേഷമുള്ള ബന്ധങ്ങൾ എന്നിവയ്ക്കായി.

**IBM വെബ്സൈറ്റുകൾ**

ഞങ്ങളെക്കുറിച്ചും ഞങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും നിങ്ങളുമായി ആശയവിനിമയം നടത്താനുള്ള വഴികൾ ഞങ്ങളുടെ വെബ്സൈറ്റുകൾ വാഗ്ദാനം ചെയ്യുന്നു. വെബ്സൈറ്റുകളിൽ ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ നിങ്ങൾക്ക് വെബ്സൈറ്റിലേക്കുള്ള ആക്സസ് നൽകുന്നതിനും വെബ്സൈറ്റ് പ്രവർത്തിപ്പിക്കുന്നതിനും നിങ്ങളുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനും നിങ്ങൾക്ക് നൽകുന്ന വിവരങ്ങൾ വ്യക്തിഗതമാക്കുന്നതിനും ഉപയോഗിക്കുന്നു. ഒരു അക്കൗണ്ട് ഉപയോഗിച്ച് ലോഗിൻ ചെയ്യാതെ നിങ്ങൾ ഞങ്ങളുടെ വെബ്സൈറ്റുകൾ സന്ദർശിക്കുകയാണെങ്കിൽ, നിങ്ങളുടെ വെബ്സൈറ്റ് സന്ദർശനവുമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിച്ചേക്കാം.

വെബ്സൈറ്റ് വിവരങ്ങൾ ശേഖരിക്കുന്നതിനും നിങ്ങളുടെ മുൻഗണനകൾ ക്രമീകരിക്കുന്നതിനും ഞങ്ങൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ, കുക്കികളും സമാന സാങ്കേതികവിദ്യകളുംകാണുക.

കൂടുതലറിയുക

ഞങ്ങളുടെ വെബ്സൈറ്റുകളുടെ നിങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ഇനിപ്പറയുന്നതു പോലുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു:

- നിങ്ങൾ കാണുന്ന വെബ്പേജുകൾ,
- നിങ്ങൾ പേജുകളിൽ ചെലവഴിക്കുന്ന സമയം,
- ഞങ്ങളുടെ പേജുകളിലേക്ക് നിങ്ങളെ നയിച്ച വെബ്സൈറ്റ് URL,
- നിങ്ങളുടെ ഐപി വിലാസത്തിൽ നിന്ന് ലഭിച്ച ഭൂമിശാസ്ത്രപരമായ വിവരങ്ങൾ,
- നിങ്ങൾ തിരഞ്ഞെടുക്കുന്ന ഏതെങ്കിലും ഹൈപ്പർലിങ്കുകൾ.

ഞങ്ങളുടെ വെബ്സൈറ്റുകളുമായുള്ള നിങ്ങളുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനും വ്യക്തിഗതമാക്കുന്നതിനും നിങ്ങൾക്ക് താൽപ്പര്യമുള്ള ഉള്ളടക്കം നൽകുന്നതിനും മാർക്കറ്റിംഗ് സ്ഥിതിവിവരക്കണക്കുകൾ സൃഷ്ടിക്കുന്നതിനും ഞങ്ങളുടെ വെബ്സൈറ്റുകൾ, ഓൺലൈൻ സേവനങ്ങൾ, അനുബന്ധ സാങ്കേതികവിദ്യകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

നിങ്ങളുടെ ബ്രൗസറോ ഉപകരണമോ സ്വയമേവ അയയ്ക്കുന്ന വിവരങ്ങളും ഞങ്ങൾ ശേഖരിക്കുന്നു:

- നിങ്ങളുടെ ബ്രൗസർ തരവും IP വിലാസവും,
- ഓപ്പറേറ്റിംഗ് സിസ്റ്റം, ഉപകരണത്തിന്റെ തരം, പതിപ്പ് വിവരങ്ങൾ
- ഭാഷാ ക്രമീകരണങ്ങൾ,
- ക്രാഷ് ലോഗുകൾ,
- IBMid വിവരങ്ങൾ (സൈൻ ഇൻ ചെയ്തിട്ടുണ്ടെങ്കിൽ),
- പാസ്‌വേഡുകളും.

നിങ്ങൾക്ക് ഞങ്ങളുടെ വെബ്പേജുകളിലേക്കുള്ള ആക്സസ് നൽകുന്നതിനും നിങ്ങളുടെ ഉപകരണത്തിലും ബ്രൗസറിലും വെബ്പേജ് കാഴ്ച മെച്ചപ്പെടുത്തുന്നതിനും നിങ്ങളുടെ ക്രമീകരണങ്ങളോടും ഭാഷയോടും പൊരുത്തപ്പെടാനും നിങ്ങളുടെ രാജ്യത്തിന് പ്രസക്തിയോ നിയമപരമായ ആവശ്യകതകളോ അനുസരിച്ചു ഉള്ളടക്കം ക്രമീകരിക്കാനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. സിസ്റ്റം, നെറ്റ്‌വർക്ക് സുരക്ഷാ ആവശ്യകതകൾ പാലിക്കുന്നതിനും പിന്തുണ നൽകുന്നതിനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, സഹായ സേവനങ്ങൾ ഒപ്പം നിങ്ങളെയും IBM -നെയും എങ്ങനെ സംരക്ഷിക്കുന്നുഎന്നിവ കാണുക.

രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കിടയിൽ ഓൺലൈൻ പങ്കിടൽ, പിന്തുണ, സഹകരണം എന്നിവ പ്രാപ്തമാക്കുന്ന പ്ലാറ്റ്‌ഫോമുകളും ഫോറങ്ങളും ഞങ്ങൾ നൽകുന്നു. ഈ പ്ലാറ്റ്‌ഫോമുകളിലേക്ക് നിങ്ങൾ സമർപ്പിക്കുന്ന ഏതൊരു വിവരവും ഇന്റർനെറ്റിൽ മറ്റുള്ളവർക്ക് ലഭ്യമാക്കുകയോ പ്ലാറ്റ്‌ഫോം സ്വകാര്യതാ അറിയിപ്പിലോ നിബന്ധനകളിലോ ഉൾപ്പെടുത്തിയിരിക്കുന്നതുപോലെ ഞങ്ങൾ നീക്കം ചെയ്യുകയോ ചെയ്തേക്കാം. ഞങ്ങളുടെ ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ ഉപയോഗത്തിലൂടെ നിങ്ങൾ ലഭ്യമാക്കുന്ന ഏതൊരു ഉള്ളടക്കത്തിനും ഞങ്ങൾ ഉത്തരവാദികളല്ല.

ലാർജ് ലാംഗ്വേജ് മോഡലുകൾ (സാധാരണയായി LLM എന്ന് വിളിക്കുന്നു) ഉൾപ്പെടെ IBM ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മോഡലുകളും സിസ്റ്റങ്ങളും നിർമ്മിക്കുന്നു. ചാറ്റ്ബോട്ടുകളിൽ ഉൾപ്പെടെ, IBM.com പ്രോപ്പർട്ടികളിൻ മേലെയോ അല്ലെങ്കിൽ അതിനകത്തോ അത്തരം AI മോഡലുകളും സിസ്റ്റങ്ങളും IBM ഉപയോഗിച്ചേക്കാം. അത്തരം AI മോഡലുകളും സിസ്റ്റങ്ങളും പ്രത്യേക നിബന്ധനകൾക്ക് കീഴിൽ IBM ലഭ്യമാക്കിയേക്കാം.

ട്രെൻഡിങ് വിഷയങ്ങളിലേക്കും പൊതു വിപണി പരിജ്ഞാനത്തിലേക്കും ഉൾക്കാഴ്ചകൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഞങ്ങൾ തയ്യാറാക്കുന്നു. ഞങ്ങളുടെ വെബ്സൈറ്റുകളിൽ അവതരിപ്പിച്ചിരിക്കുന്ന മൂന്നാം കക്ഷി ഉൽപ്പന്നങ്ങളിലോ സേവനങ്ങളിലോ ഉപയോക്താക്കൾ എങ്ങനെ ഇടപഴകുകയോ താൽപ്പര്യം പ്രകടിപ്പിക്കുകയോ ചെയ്തു എന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ അടങ്ങിയ ഈ റിപ്പോർട്ടുകൾ മൂന്നാം കക്ഷികൾക്ക് നൽകിയേക്കാം.

മൂന്നാം കക്ഷി വെബ്സൈറ്റുകളിലോ ആപ്ലിക്കേഷനുകളിലോ നൽകിയിട്ടുള്ള ഉള്ളടക്കത്തിന്റെയോ സ്വകാര്യതാ സമ്പ്രദായങ്ങളുടെയോ ഉത്തരവാദിത്തം ഞങ്ങൾ ഏറ്റെടുക്കുന്നതല്ല.

### IBM ആപ്ലിക്കേഷനുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ

ഞങ്ങളുടെ ക്ലൗഡ്, ഓൺലൈൻ സേവനങ്ങളിൽ "as-a-service", ഡെസ്ക്ടോപ്പ് ആപ്ലിക്കേഷനുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ (അല്ലെങ്കിൽ ആപ്പുകൾ), IBM ലേണിംഗ് സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഞങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും സാങ്കേതികവും വിപണിയുമായ സ്ഥിതിവിവരക്കണക്കുകൾ സൃഷ്ടിക്കുന്നതിനും നിങ്ങൾ കാണുന്ന പേജുകൾ അല്ലെങ്കിൽ ആ പേജിലെ നിങ്ങളുടെ ഇടപെടലുകൾ പോലുള്ള ഈ സേവനങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു. ഞങ്ങളുടെ ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ഞങ്ങൾക്ക് ഒരു IBMid ആവശ്യമായി വന്നേക്കാം (നിങ്ങളുടെ അക്കൗണ്ട്).കാണുക

കൂടുതലറിയുക

ഞങ്ങളുടെ ക്ലൗഡിലും ഓൺലൈൻ സേവനങ്ങളിലും ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങളിൽ ഇവയെല്ലാം ഉൾപ്പെട്ടേക്കാം:

- നിങ്ങൾ കാണുന്ന വെബ്പേജുകൾ,
- സേവനത്തിനുള്ളിലെ നിങ്ങളുടെ ക്രമീകരണങ്ങൾ,
- നിങ്ങളുടെ ബ്രൗസർ തരവും IP വിലാസവും,
- ഓപ്പറേറ്റിംഗ് സിസ്റ്റം, ഉപകരണത്തിന്റെ തരം, പതിപ്പ് വിവരങ്ങൾ,
- ക്രാഷ് ലോഗുകൾ,
- IBMid വിവരങ്ങൾ (സൈൻ ഇൻ ചെയ്തിട്ടുണ്ടെങ്കിൽ),
- പാസ്‌വേഡുകളും.

നിങ്ങൾക്ക് ആക്സസ് നൽകുന്നതിനും സേവനം പ്രവർത്തിപ്പിക്കുന്നതിനും പിന്തുണയ്ക്കും സേവനത്തിന്റെ നിങ്ങളുടെ അനുഭവം വ്യക്തിഗതമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും മറ്റ് സേവനങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിനും സാങ്കേതികവും വിപണിയുമായ സ്ഥിതിവിവരക്കണക്കുകൾ സൃഷ്ടിക്കുന്നതിനുമായാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്. വെബ്സൈറ്റ് വിവരങ്ങൾ ശേഖരിക്കുന്നതിനും നിങ്ങളുടെ മുൻഗണനകൾ ക്രമീകരിക്കുന്നതിനും ഞങ്ങൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ, കുക്കികളും സമാന സാങ്കേതികവിദ്യകളുംകാണുക.

ഒരു പൊതു ക്ലൗഡ് ദാതാവ് എന്ന നിലയിൽ, വ്യക്തമായ സമ്മതമില്ലാതെ വിപണനത്തിനും പരസ്യത്തിനും വേണ്ടി ഒരു കരാർ പ്രകാരം പ്രോസസ്സ് ചെയ്ത വ്യക്തിഗത വിവരങ്ങൾ IBM ഉപയോഗിക്കുന്നതല്ല.

മൊബൈൽ ആപ്ലിക്കേഷൻ സ്വകാര്യതാ അറിയിപ്പുകൾ, ജിയോ ലൊക്കേഷൻ വിവരങ്ങൾ അല്ലെങ്കിൽ ഒരു ഉപകരണത്തിന്റെ തനതായ ഉപയോക്തൃ ഐഡി പോലുള്ള, ആപ്പ് ശേഖരിക്കുന്ന വിവരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകിയേക്കാം. സെർവറുകളിലേക്ക് കണക്റ്റ് ചെയ്യാനും ആപ്പുകളിലുടനീളം ഉപകരണത്തിന്റെ ഉപയോഗം കണക്റ്റ് ചെയ്യാനും പ്രത്യേകം ഉപയോക്തൃ ഐഡികൾ ഉപയോഗിക്കുന്നു. ആപ്പിന്റെ പ്രവർത്തനങ്ങളെ ആശ്രയിച്ച്, ക്രമീകരണ മെനു ഉപയോഗിച്ചോ നിങ്ങളുടെ ഉപയോക്തൃ പ്രൊഫൈലിലോ ഉപയോഗിച്ച് നിങ്ങളുടെ സ്വകാര്യത ക്രമീകരണങ്ങൾ ക്രമീകരിക്കാൻ കഴിയും.

IBM ലേണിംഗ് വിദ്യാഭ്യാസ സേവനങ്ങൾ വാഗ്ദാനം ചെയ്യുകയും കോഴ്സ് പൂർത്തീകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും നിങ്ങൾക്ക് ക്രെഡൻഷ്യലുകൾ, സർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ ആവശ്യമുള്ളപ്പോൾ കൂടുതൽ വിവരങ്ങൾ നൽകുകയും ചെയ്യുന്നു.

മൂന്നാം കക്ഷി വെബ്സൈറ്റുകളിലോ ആപ്ലിക്കേഷനുകളിലോ നൽകിയിട്ടുള്ള ഉള്ളടക്കത്തിന്റെയോ സ്വകാര്യതാ സമ്പ്രദായങ്ങളുടെയോ ഉത്തരവാദിത്തം ഞങ്ങൾ ഏറ്റെടുക്കുന്നതല്ല.

### മാർക്കറ്റിംഗ്

നിങ്ങളുടെ മുൻഗണനകൾക്ക് വിധേയമായി, പ്രസക്തമായ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, ഓഫറുകൾ എന്നിവയെക്കുറിച്ച് നിങ്ങളുമായി ആശയവിനിമയം നടത്താൻ ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഞങ്ങളുടെ ഉള്ളടക്കവും പരസ്യങ്ങളും ഉപയോഗിച്ച് നിങ്ങളുടെ ഓൺലൈൻ അനുഭവം വ്യക്തിഗതമാക്കുന്നതിനും ആന്തരിക മാർക്കറ്റിംഗും ബിസിനസ് ഇന്റലിജൻസും വികസിപ്പിക്കുന്നതിനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. ഇമെയിൽ, ഫോൺ അല്ലെങ്കിൽ തപാൽ വഴിയുള്ള മാർക്കറ്റിംഗ് ആശയവിനിമയങ്ങളുമായി ബന്ധപ്പെട്ട് നിങ്ങളുടെ മുൻഗണനകൾ സജ്ജീകരിക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ IBM Privacy Preference Center. സന്ദർശിക്കുക നിങ്ങൾക്കു ഒന്നുകിൽ ഒഴിവാക്കൽ അഭ്യർത്ഥന സമർപ്പിക്കാം, അല്ലെങ്കിൽ ഓരോ മാർക്കറ്റിംഗ് ഇമെയിലിന്റെയും ചുവടെ ഉള്ള **അൺസബ്സ്ക്രൈബ് ചെയ്യുക** തിരഞ്ഞെടുക്കുക. ഞങ്ങളുടെ വെബ്സൈറ്റുകളിൽ നിങ്ങളെ കുറിച്ച് ഞങ്ങൾ ഓൺലൈനായി ശേഖരിക്കുന്ന വിവരങ്ങൾ അവലോകനം ചെയ്യാനോ നിങ്ങളുടെ മുൻഗണനകൾ സജ്ജീകരിക്കാനോ,വെബ്സൈറ്റ് അടിക്കുറിപ്പിലുള്ള **കുക്കി മുൻഗണനകൾ** തിരഞ്ഞെടുക്കുക.

കൂടുതലറിയുക

മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കുന്നു. ഇതിൽ ഈ വിവരങ്ങൾ ഉൾപ്പെടാം:

- പരിപാടികളിലുള്ള സാന്നിധ്യം അല്ലെങ്കിൽ ഓൺലൈൻ രജിസ്ട്രേഷൻ ഫോമുകൾ സമർപ്പിക്കൽ പോലുള്ള IBM മായുള്ള നിങ്ങളുടെ ഇടപെടലുകളിലൂടെ നിങ്ങളിൽ നിന്ന് നേരിട്ട് ശേഖരിച്ചവ,

- മൂന്നാം കക്ഷി ഡാറ്റ ദാതാക്കളിൽ നിന്ന് സ്വീകരിച്ചത്, മൂന്നാം കക്ഷി വിവരങ്ങൾ നിയമപരമായി നേടിയതാണെന്നും ഞങ്ങളുടെ മാർക്കറ്റിംഗ് ആശയവിനിമയങ്ങളിൽ ഉപയോഗിക്കുന്നതിന് വിവരങ്ങൾ IBM ന് നൽകാനുള്ള അവകാശമുണ്ടെന്നും സ്ഥിരീകരിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി,
- ഞങ്ങളുടെ വെബ്സൈറ്റുകൾ അല്ലെങ്കിൽ മൂന്നാം കക്ഷി സൈറ്റുകളിലെ ഉള്ളടക്കം ഉൾപ്പെടെ, IBM ഇമെയിലുകളുമായും ഉള്ളടക്കവുമായുള്ള നിങ്ങളുടെ ഇടപെടലുകളിൽ നിന്ന് ശേഖരിച്ചത്. ഈ വിവരങ്ങൾ ശേഖരിക്കാൻ ഞങ്ങൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, കുക്കികളും സമാന സാങ്കേതികവിദ്യകളുംകാണുക.

നിങ്ങളുടെ മുൻഗണനകൾക്ക് വിധേയമായി, IBM ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, ഓഫറുകൾ എന്നിവയുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് മാർക്കറ്റ് ചെയ്യാൻ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിച്ചേക്കാം. ഉദാഹരണത്തിന്, ഞങ്ങൾ:

- ഇമെയിൽ, ടെലിഫോൺ അല്ലെങ്കിൽ തപാൽ മെയിൽ ഉപയോഗിച്ച് നിങ്ങളെ ബന്ധപ്പെടുക
- ഞങ്ങളുടെ വെബ്സൈറ്റുകളിൽ കൂടുതൽ പ്രസക്തമായ ഉള്ളടക്കം പങ്കിടുന്നതോ രജിസ്ട്രേഷൻ ഫോമുകൾ മുൻകൂട്ടി പൂരിപ്പിക്കുന്നതോ പോലുള്ള IBM ഉൽപ്പന്നങ്ങളും സേവനങ്ങളുമായുള്ള നിങ്ങളുടെ അനുഭവം വ്യക്തിഗതമാക്കുക.
- IBM വെബ്സൈറ്റുകളുമായുള്ള നിങ്ങളുടെ ഇടപെടലുകൾ, ഞങ്ങളുടെ ഉള്ളടക്കം, ഇമെയിലുകൾ, അല്ലെങ്കിൽ തിരഞ്ഞെടുത്ത പ്രദേശത്തിൽ, നിങ്ങളുടെ ഹാഷ് ചെയ്ത ഇമെയിൽ വിലാസവുമായി ലിങ്ക് ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങളോ അംഗീകൃത മൂന്നാം കക്ഷികളോ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാം കക്ഷി വെബ്സൈറ്റുകളിൽ ടാർഗെറ്റുചെയ്ത IBM പരസ്യങ്ങൾ നൽകുക.

നിങ്ങളുടെ ഇമെയിൽ വിലാസം, ഫോൺ അല്ലെങ്കിൽ തപാൽ വിലാസം ഉപയോഗിച്ച് മാർക്കറ്റിംഗ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങളുടെ മുൻഗണനകൾ സജ്ജീകരിക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ, IBM Privacy Preference Center. സന്ദർശിക്കുക. നിങ്ങൾക്കു ഒന്നുകിൽ ഒഴിവാക്കൽ അഭ്യർത്ഥന സമർപ്പിക്കാം, അല്ലെങ്കിൽ ഓരോ മാർക്കറ്റിംഗ് ഇമെയിലിന്റെയും ചുവടെ ഉള്ള **അൺസബ്സ്ക്രൈബ് ചെയ്യുക** തിരഞ്ഞെടുക്കുക. വ്യക്തിഗതമാക്കലിനോ ടാർഗെറ്റുചെയ്ത

പരസ്യത്തിനോ വേണ്ടി നിങ്ങളുടെ ഹാഷ്ഡ് ഇമെയിൽ ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിന്, ഈ ഓപ്ഷനുകളിലേതെങ്കിലും ഉപയോഗിച്ച് നിങ്ങൾക്ക് ഇമെയിൽ സമ്മതം പിൻവലിക്കാം.

ഞങ്ങളുടെ വെബ്സൈറ്റുകളിൽ നിങ്ങളെ കുറിച്ച് ഞങ്ങൾ ഓൺലൈനായി ശേഖരിക്കുന്ന വിവരങ്ങൾ അവലോകനം ചെയ്യാനോ നിങ്ങളുടെ മുൻഗണനകൾ സജ്ജീകരിക്കാനോ,വെബ്സൈറ്റ് അടിക്കുറിപ്പിലുള്ള **കുക്കി മുൻഗണനകൾ** തിരഞ്ഞെടുക്കുക.

ഞങ്ങളുടെ ബിസിനസ് പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ മാർക്കറ്റിംഗും ബിസിനസ് ഇന്റലിജൻസും വികസിപ്പിക്കുന്നതിനും ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ഞങ്ങൾ:

- നിങ്ങളുടെ താൽപ്പര്യങ്ങളും സാധ്യതയുള്ള ബിസിനസ് ആവശ്യങ്ങളും നന്നായി മനസ്സിലാക്കാൻ ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിക്കുന്നതാണ്,
- ഞങ്ങളുടെ മാർക്കറ്റിംഗ് കാമ്പെയ്നുകളുടെയും ഇവന്റുകളുടെയും ഫലപ്രാപ്തി അളക്കുന്നതിനും ഉദ്ദേശിച്ച ബിസിനസ്സ് തീരുമാനങ്ങളിലേക്കും നിക്ഷേപങ്ങളിലേക്കും നീങ്ങാനും സംഗ്രഹിച്ച ഡാറ്റ ഉപയോഗിക്കുക,
- മാർക്കറ്റിംഗ് പ്രേക്ഷകരെ വികസിപ്പിക്കുന്നതിനും മോഡലിംഗ് ചെയ്യുന്നതിനുമായി IBM വെബ്സൈറ്റ് സന്ദർശകരെ കുറിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സമാഹരിക്കുക.

### കരാർ ബന്ധങ്ങൾ

നിങ്ങൾ ഞങ്ങളിൽ നിന്ന് ഒരു ട്രയൽ അല്ലെങ്കിൽ ഒരു ഉൽപ്പന്നമോ സേവനമോ ഓർഡർ ചെയ്യുമ്പോൾ ഒരു കരാർ ബന്ധം സൃഷ്ടിക്കപ്പെടുന്നു. ഞങ്ങൾ പ്രധാനമായും ഞങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ബിസിനസുകൾക്കാണ് നൽകുന്നത്, എങ്കിലും വ്യക്തികൾക്ക് ഞങ്ങളുമായി നേരിട്ട് ഒരു ക്ലയന്റ് എന്ന നിലയിൽ ഒരു കരാറിൽ ഏർപ്പെടാം. കരാർ ഉടമ്പടി തയ്യാറാക്കുന്നതിനും പ്രവേശിക്കുന്നതിനും നിറവേറ്റുന്നതിനും ന്യായമായും ആവശ്യമായ ഏത് വിവരവും ഞങ്ങൾക്ക് ശേഖരിക്കാം.

കൂടുതലറിയുക

ഒരു കരാർ ബന്ധത്തിൽ ശേഖരിക്കുന്ന വിവരങ്ങളിൽ അഭ്യർത്ഥിക്കുന്നയാളുടെ ബിസിനസ് കോൺടാക്റ്റ് വിവരങ്ങൾ, ഒരു IBMid, ഓർഡർ വിശദാംശങ്ങൾ എന്നിവ ഉൾപ്പെട്ടേക്കാം. ഷിപ്പ്മെന്റിനും പേയ്മെന്റിനും ആവശ്യമായ വിവരങ്ങൾ, സേവനങ്ങൾ നടപ്പിലാക്കുന്നതിനോ ഉൽപ്പന്നത്തിലേക്കോ സേവനത്തിലേക്കോ പ്രവേശനം അനുവദിക്കുന്നതിന് വേണ്ടിയോ ആവശ്യമായ വിവരങ്ങൾ എന്നിവ ശേഖരിക്കാവുന്നതാണ്.

ഉൽപ്പന്നങ്ങളുടെയോ സേവനങ്ങളുടെയോ സ്വഭാവമനുസരിച്ച്, വിവിധ ആവശ്യങ്ങൾക്കായി ഈ വിവരങ്ങൾ ശേഖരിക്കാം, ഉദാഹരണത്തിന്, കരാർ മാനേജ്മെന്റിനും പാലിക്കലിനും, പിന്തുണ നൽകുന്നതിനും, ഞങ്ങളുടെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മെച്ചപ്പെടുത്തലിനോ വികസനത്തിനോ, ഉപഭോക്തൃ സംതൃപ്തി സർവേകൾക്കായി നിങ്ങളെ ബന്ധപ്പെടുന്നതിന്., കൂടാതെ സാങ്കേതികവും വിപണിയുമായ ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ സൃഷ്ടിക്കുന്നതിനും. കൂടുതൽ വിവരങ്ങൾക്ക്, IBM ആപ്ലിക്കേഷനുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾകാണുക.

ഒരു കരാർ ബന്ധത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ പ്രോസസ്സിംഗിന് മുമ്പ് സമ്മതം വാങ്ങാതെ മാർക്കറ്റിംഗിന്റെയും പരസ്യത്തിന്റെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കില്ല.

### സഹായ സേവനങ്ങൾ

സഹായം അഭ്യർത്ഥിക്കാൻ നിങ്ങൾ ഞങ്ങളെ ബന്ധപ്പെടുമ്പോൾ, നിങ്ങളുടെ കോൺടാക്റ്റ് വിവരങ്ങളും പ്രശ്ന വിവരണവും സാധ്യമായ പരിഹാരങ്ങളും ഞങ്ങൾ ശേഖരിക്കും. പിന്തുണാ ചോദ്യം കൈകാര്യം ചെയ്യുന്നതിനും, അഡ്മിനിസ്ട്രേറ്റീവ് ആവശ്യങ്ങൾക്കും, നിങ്ങളുമായുള്ള ഞങ്ങളുടെ ബന്ധം ഊട്ടിയുറപ്പിക്കാനും, സ്റ്റാഫ് പരിശീലനത്തിനും, ഗുണനിലവാര ഉറപ്പ് വരുത്തുക തുടങ്ങിയ ആവശ്യങ്ങൾക്കുമായി നിങ്ങൾ നൽകിയിരിക്കുന്ന വിവരങ്ങൾ ഞങ്ങൾ രേഖപ്പെടുത്തുന്നു.

കൂടുതലറിയുക

LiveChat വഴി ഉൾപ്പെടെ സഹായം അഭ്യർത്ഥിക്കാൻ നിങ്ങൾ ഞങ്ങളെ ബന്ധപ്പെടുമ്പോൾ, നിങ്ങളുടെ കോൺടാക്റ്റ് വിവരങ്ങളും പ്രശ്ന വിവരണവും സാധ്യമായ പരിഹാരങ്ങളും ഞങ്ങൾ ശേഖരിക്കും. ഞങ്ങളുമായുള്ള നിങ്ങളുടെ സംഭാഷണങ്ങളുടെ റെക്കോർഡിംഗ് അല്ലെങ്കിൽ ട്രാൻസ്ക്രിപ്റ്റ് ഇതിൽ ഉൾപ്പെട്ടേക്കാം. നിങ്ങളുടെ സഹായ അഭ്യർത്ഥനയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളെയോ സേവനങ്ങളെയോ കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിച്ചേക്കാം. ഇതിൽ ഉൽപ്പന്ന അപ്ഡേറ്റുകളോ പരിഹാരങ്ങളോ ഉൾപ്പെടാം, കൂടാതെ നിങ്ങളുമായോ നിങ്ങളുടെ സ്ഥാപനവുമായോ ഉള്ള മറ്റ് ഇടപെടലുകളിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിച്ച് ഞങ്ങൾ ഉൽപ്പന്ന പിന്തുണയുമായി ബന്ധപ്പെട്ട് കൂടുതൽ മൂല്യവത്തായ നിർദ്ദേശങ്ങൾ നൽകുന്നതാണ്, അതായത് പ്രശ്നവുമായി ബന്ധപ്പെട്ട് ലഭ്യമായ ഏതെങ്കിലും പരിശീലനം പോലെ.

ഞങ്ങൾ പിന്തുണാ കേസ് കൈകാര്യം ചെയ്യുമ്പോൾ, നിങ്ങൾ നൽകിയ വിവരങ്ങളിലേക്കോ നിങ്ങളുടെ സിസ്റ്റത്തിലുള്ള വിവരങ്ങളിലേക്കോ ഞങ്ങൾക്ക് ആകസ്മികമായ ആക്സസ് ഉണ്ടായേക്കാം. ഈ വിവരങ്ങളിൽ നിങ്ങളെയോ നിങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരെയോ ഉപഭോക്താക്കളെയോ മറ്റ് പ്രസക്തമായ കക്ഷികളെയോ കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയിരിക്കാം. ഈ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ ബാധകമായ ഉപയോഗ നിബന്ധനകൾ അല്ലെങ്കിൽ നിങ്ങളുടെ ഓർഗനൈസേഷനും IBM ഇടയിലുള്ള മറ്റ് കരാറുകൾ എന്നിവയിൽ ഉൾപ്പെടുന്നു, അതായത് ഡയഗ്നോസ്റ്റിക് ഡാറ്റ കൈമാറ്റം ചെയ്യുന്നതിനുള്ള ഉപയോഗ നിബന്ധനകൾ പോലുള്ളവ.

### നിങ്ങളെയും IBM -നെയും സംരക്ഷിക്കുന്നു

ഐടി സുരക്ഷാ ഭീഷണികളിൽ നിന്ന് നിങ്ങളെയും IBM -നെയും സംരക്ഷിക്കുന്നതിനും അനധികൃത ആക്സസ്, വെളിപ്പെടുത്തൽ, മാറ്റം അല്ലെങ്കിൽ നശിപ്പിക്കൽ എന്നിവയിൽ നിന്ന് ഞങ്ങൾ കൈവശം വച്ചിരിക്കുന്ന വിവരങ്ങൾ സുരക്ഷിതമാക്കുന്നതിനും ഞങ്ങൾ വിവരങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്തേക്കാം. ലോഗ്-ഇൻ വിവരങ്ങൾ പോലെയുള്ള ഞങ്ങളുടെ ഐടി ആക്സസ് ഓതറൈസേഷൻ സിസ്റ്റങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

കൂടുതലറിയുക

നിങ്ങളുടെ വിവരങ്ങൾ, ഞങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ, ഞങ്ങളുടെ നെറ്റ്‌വർക്കുകൾ എന്നിവ പരിരക്ഷിക്കാൻ ഞങ്ങൾ ഉപയോഗിക്കുന്ന സുരക്ഷാ പരിഹാരങ്ങൾ IP വിലാസങ്ങളും ലോഗ് ഫയലുകളും പോലുള്ള വിവരങ്ങൾ ശേഖരിച്ചേക്കാം. ഏതെങ്കിലും സുരക്ഷാ സംഭവങ്ങളുടെ അന്വേഷണം പ്രാപ്തമാക്കുന്നതിനും സുരക്ഷാ ഭീഷണികളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ സൃഷ്ടിക്കുന്നതിനും സുരക്ഷാ പ്രോഗ്രാമുകളുടെ പ്രവർത്തനക്ഷമതയ്ക്കും ഉപയോഗത്തിനും ഇത് അനിവാര്യമാണ്.

അനധികൃത ആക്സസ്, വൈറസുകൾ, ക്ഷുദ്ര പ്രവർത്തനങ്ങളുടെ സൂചനകൾ എന്നിവ കണ്ടെത്തുന്നതിന് ഐടി സിസ്റ്റങ്ങളിലേക്കും നെറ്റ്‌വർക്കുകളിലേക്കും ആക്സസ് പോയിന്റുകളിൽ വിവരങ്ങൾ ശേഖരിക്കുന്നതിന് ഞങ്ങൾ പ്രത്യേക ഉപകരണങ്ങളും മറ്റ് സാങ്കേതിക മാർഗങ്ങളും ഉപയോഗിച്ചേക്കാം. ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ അനധികൃത ആക്സസ്, മാൽവെയറുകൾ അല്ലെങ്കിൽ ക്ഷുദ്രകരമായ പ്രവർത്തനങ്ങൾ എന്നിവ സംശയിക്കപ്പെടുമ്പോൾ അന്വേഷണം നടത്താനും ക്ഷുദ്രകരമായ കോഡോ ഉള്ളടക്കമോ നീക്കംചെയ്യാനോ ഒറ്റപ്പെടുത്താനോ ഉപയോഗിച്ചേക്കാം.

### IBM ലൊക്കേഷനുകൾ

നിങ്ങൾ ഒരു IBM ലൊക്കേഷൻ സന്ദർശിക്കുമ്പോൾ, ഞങ്ങൾ നിങ്ങളുടെ പേരോ ബിസിനസ് കോൺടാക്റ്റ് വിവരമോ ശേഖരിക്കുന്നു (നിങ്ങളുടെ അക്കൗണ്ട്കാണുക), കൂടാതെ, ചില സന്ദർഭങ്ങളിൽ, സർക്കാർ നൽകിയ ഐഡിയിൽ നിന്നുള്ള വിവരങ്ങൾ. ആക്സസ് മാനേജ്മെന്റിനും ഞങ്ങളുടെ ലൊക്കേഷനുകളുടെയും ജീവനക്കാരുടെയും സുരക്ഷയും പരിരക്ഷയും ഉറപ്പാക്കുന്നതിനു വേണ്ടിയാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്.

കൂടുതലറിയുക

ഞങ്ങളുടെ ലൊക്കേഷനുകളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ ആക്സസ് ബാഡ്ജുകൾ നൽകുന്നതിന് ഉപയോഗിക്കുന്നു. നിയമപരമായി അനുവദനീയമായിടത്ത് സന്ദർശകരുടെ ഐഡന്റിറ്റി ഞങ്ങൾ പരിശോധിച്ചേക്കാം, തിരിച്ചറിയൽ ആവശ്യങ്ങൾക്കായി, സൈറ്റിൽ ജോലി ചെയ്യുന്ന വിതരണക്കാരുടെ ഉദ്യോഗസ്ഥരുടെ ഫോട്ടോ ഐഡന്റിഫിക്കേഷൻ ഉള്ള ഒരു ബാഡ്ജ് അഭ്യർത്ഥിച്ചേക്കാം.

ഞങ്ങളുടെ ലൊക്കേഷനുകളുടെയും ജീവനക്കാരുടെയും സ്വത്തുക്കളുടെയും സുരക്ഷയുടെയും പരിരക്ഷയുടെയും കാരണങ്ങളാൽ ക്യാമറ മേൽനോട്ടവും ആക്സസ് മാനേജ്മെന്റും ഉപയോഗിക്കുന്നു. കൂടുതൽ വിവരങ്ങൾ IBM ലൊക്കേഷനിൽ ലഭ്യമാണ്.

## റിക്രൂട്ട്മെന്റും മുൻ ജീവനക്കാരും

ഞങ്ങളുടെ ഓർഗനൈസേഷനായി പുതിയ പ്രതിഭകൾക്കായി ഞങ്ങൾ നിരന്തരം തിരഞ്ഞു കൊണ്ടിരിക്കുകയാണ്, അത് കൊണ്ട് നിരവധി ഉറവിടങ്ങളിൽ നിന്ന് ജോലി അപേക്ഷകരെക്കുറിച്ചോ വരാൻ പോകുന്ന ഉദ്യോഗാർത്ഥികളെക്കുറിച്ചോ ഉള്ള ഞങ്ങൾ വിവരങ്ങൾ ശേഖരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് Talent Acquisition Privacy Notice ലേക്ക് അപേക്ഷകരെ റഫർ ചെയ്യുന്നു. ഒരു ജീവനക്കാരൻ IBM നിന്ന് പുറത്തുപോകുമ്പോൾ, IBM കൈകാര്യം ചെയ്യുന്ന പരിധിവരെ പെൻഷൻ മാനേജ്മെന്റ് ഉൾപ്പെടെ, ശേഷിക്കുന്ന ബിസിനസ്, കരാർ, തൊഴിൽ, നിയമ, സാമ്പത്തിക ആവശ്യങ്ങൾക്കായി അവരുമായി ബന്ധപ്പെട്ട വിവരങ്ങൾ ഞങ്ങൾ പ്രോസസ്സ് ചെയ്യുന്നത് തുടരുന്നു.

കൂടുതലറിയുക

റിക്രൂട്ട്മെന്റിനെ സംബന്ധിച്ച്, റിക്രൂട്ട്മെന്റ് ഇടനിലക്കാരുടെ സഹായത്തോടെ ഞങ്ങൾ സാധ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരയുകയും ഒരു നിർദ്ദിഷ്ട ഫംഗ്ഷനായി വരാനിരിക്കുന്ന ഉദ്യോഗാർത്ഥികളെ തിരിച്ചറിയാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പൊതുവായി ലഭ്യമായ വിവരങ്ങൾ ഉപയോഗിക്കുകയും ചെയ്തേക്കാം.

ഒരു ജീവനക്കാരൻ IBM വിടുമ്പോൾ, IBM ലെ അവരുടെ ജോലിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മുൻ ജീവനക്കാരനിൽ നിന്നു ഞങ്ങൾ സൂക്ഷിക്കുന്നു.

ഒരു ജീവനക്കാരൻ വിരമിച്ചതിന് ശേഷം, വിരമിച്ചയാളോടുള്ള പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിനായി വിരമിച്ചയാളെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ പ്രോസസ്സ് ചെയ്യുന്നു. പെൻഷൻ വിവരങ്ങളുടെ പ്രോസസ്സിംഗ് സംബന്ധിച്ച വിവരങ്ങൾ, അല്ലെങ്കിൽ മറ്റ് റിട്ടയർമെന്റ് പ്രോഗ്രാമുകൾ, പെൻഷനുകൾക്ക് ഉത്തരവാദിത്തമുള്ള പ്രാദേശിക സംഘടനയിൽ കണ്ടെത്താനാകും. ചില രാജ്യങ്ങളിൽ ഇത് ഒരു സ്വതന്ത്ര സംഘടനയായിരിക്കാം. ചില സന്ദർഭങ്ങളിൽ, വിരമിച്ചവർക്ക് IBM-സംഘടിപ്പിക്കുന്ന സംരംഭങ്ങളിലോ സന്നദ്ധസേവന, സാമൂഹിക ഉത്തരവാദിത്ത പരിപാടികളിലോ പങ്കെടുക്കാവുന്നതാണ്. അത്തരം പങ്കാളിത്തം സ്വമേധയാ ഉള്ളതാണ്, കൂടുതൽ വിവരങ്ങൾ ആ സംരംഭങ്ങൾക്കായുള്ള പ്രസക്തമായ വെബ്സൈറ്റുകളിലോ വിവര പേജുകളിലോ നൽകിയിട്ടുണ്ട്.

## ഞങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങൾ നടത്തൽ

ഞങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങൾ, സിസ്റ്റങ്ങൾ, പ്രക്രിയകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഞങ്ങൾ വിവരങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഞങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും പരിപാലിക്കുന്നതിനും ഓഡിറ്റ് ചെയ്യുന്നതിനും ഒപ്റ്റിമൈസ് ചെയ്യുന്നതിനും ഞങ്ങളുടെ ആസ്തികളെയും ജീവനക്കാരെയും സംരക്ഷിക്കുന്നതിനും ഉൽപ്പന്ന വികസനത്തിനും ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിവരങ്ങൾ ഉപയോഗിച്ചേക്കാം.

കൂടുതലറിയുക

ഓർഗനൈസേഷൻ, ബിസിനസ്സ് എന്നിവയെക്കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും പ്രകടനം, ഓഡിറ്റുകൾ, ട്രെൻഡുകൾ എന്നിവയെക്കുറിച്ച് റിപ്പോർട്ടു ചെയ്യുന്നതിനും ഞങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ശേഖരിക്കുന്നു. ഉദാഹരണത്തിന്, ഞങ്ങളുടെ പ്രവർത്തനങ്ങളുടെ വിലയും ഗുണനിലവാരവും വിശകലനം ചെയ്യാൻ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. സാധ്യമാകുന്നിടത്തെല്ലാം, സമാഹരിച്ച വിവരങ്ങൾ ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്, എന്നാൽ വ്യക്തിഗത വിവരങ്ങൾ ഉപയോഗിച്ചേക്കാം.

ഇനി പറയുന്ന കാര്യങ്ങൾക്കായി വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടേക്കാവുന്ന ഞങ്ങളുടെ ബിസിനസ്സ് സിസ്റ്റങ്ങളിൽ നിന്ന് ഞങ്ങൾ വിവരങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു:

- വഞ്ചനയോ മറ്റ് ക്രിമിനൽ പ്രവർത്തനങ്ങളോ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിന് (ഉദാഹരണത്തിന്, പേയ്മെന്റ് സംവിധാനങ്ങളിലെ വിവരങ്ങൾ ഉപയോഗിച്ച്)
- തർക്കങ്ങൾ കൈകാര്യം ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നതിന്
- പരാതികൾക്ക് ഉത്തരം നൽകുകയും നിയമ നടപടികളിൽ IBM പ്രതിരോധിക്കുകയും ചെയ്യുന്നതിന്
- ഞങ്ങൾ ബിസിനസ്സ് നടത്തുന്ന രാജ്യങ്ങളിലെ നിയമപരമായ ബാധ്യതകൾ പാലിക്കുന്നതിന്

ഞങ്ങളുടെ ബിസിനസ്സ് പ്രക്രിയകൾ, വെബ്സൈറ്റുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ, ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സാങ്കേതികവിദ്യകൾ എന്നിവയുടെ ഉപയോഗത്തിൽ നിന്ന് ഞങ്ങൾ വിവരങ്ങൾ ശേഖരിക്കുന്നു. ഈ വിവരങ്ങളിൽ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടേക്കാം, ഇവ ഉൽപ്പന്നത്തിന്റെയും പ്രക്രിയയുടെയും വികസനത്തിനും ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും അല്ലെങ്കിൽ ഓട്ടോമേറ്റഡ് പ്രോസസ്സുകളും ടൂളുകളും വികസിപ്പിച്ചുകൊണ്ട് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഇവയെ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ ഞങ്ങൾ ഈ വിവരങ്ങൾ ഉപയോഗിച്ചേക്കാം.

## കുക്കികളും സമാന സാങ്കേതികവിദ്യകളും

നിങ്ങൾ ഞങ്ങളുടെ വെബ്സൈറ്റുകൾ, ക്ലൗഡ്, ഓൺലൈൻ സേവനങ്ങൾ, സോഫ്റ്റ്‌വെയർ ഉൽപ്പന്നങ്ങൾ എന്നിവ സന്ദർശിക്കുമ്പോഴോ ചില മൂന്നാം കക്ഷി വെബ്സൈറ്റുകളിൽ ഞങ്ങളുടെ ഉള്ളടക്കം കാണുമ്പോഴോ, കുക്കികൾ, വെബ് ബീക്കണുകൾ, ലോക്കൽ സ്റ്റോറേജ്, അല്ലെങ്കിൽ HTML5 എന്നിങ്ങനെയുള്ള വിവിധ ഓൺലൈൻ ട്രാക്കിംഗ് സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിങ്ങളുടെ കണക്ഷനും പ്രവർത്തനവും സംബന്ധിച്ച വിവരങ്ങൾ ഞങ്ങൾ ശേഖരിക്കും. ഈ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾ വെബ്സൈറ്റോ സേവനമോ പ്രവർത്തിപ്പിക്കുന്നതിനും പ്രകടനം മെച്ചപ്പെടുത്തുന്നതിനും ഞങ്ങളുടെ ഓൺലൈൻ സേവനങ്ങൾ എങ്ങനെ ഉപയോഗിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നതിനും ഉപയോക്താക്കളുടെ താൽപ്പര്യങ്ങൾ നിർണ്ണയിക്കുന്നതിനും ആവശ്യമായി വന്നേക്കാം. IBM ലും മറ്റ് സൈറ്റുകളിലും അത്തരം സാങ്കേതികവിദ്യകൾ നൽകുന്നതിനും അവ ഉപയോഗിക്കുന്നതിന് സഹായിക്കുന്നതിനും ഞങ്ങൾ പരസ്യ പങ്കാളികളെ

കൂടുതലറിയുക

ഒരു വെബ്സൈറ്റ് നിങ്ങളുടെ ബ്രൗസറിലേക്ക് അയച്ചേക്കാവുന്ന ഡാറ്റയുടെ ഒരു ചെറിയ ഭാഗമാണ് കുക്കി, അത് നിങ്ങളുടെ കമ്പ്യൂട്ടറിൽ സംഭരിക്കുകയും നിങ്ങളുടെ കമ്പ്യൂട്ടറിനെ തിരിച്ചറിയാൻ ഉപയോഗിക്കുകയും ചെയ്യുന്നു. പിക്സലുകളും ടാഗുകളും ഉൾപ്പെടെയുള്ള വെബ് ബീക്കണുകൾ, ഒരു IBM വെബ് പേജ് സന്ദർശിക്കുന്ന ഒരു ഉപയോക്താവിനെ ട്രാക്ക് ചെയ്യാൻ അല്ലെങ്കിൽ ഒരു വെബ് പേജ് മറ്റൊരു വെബ്സൈറ്റിലേക്ക് പകർത്തിയതാണോ എന്നറിയാനും ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളാണ്. സന്ദർശിച്ച വെബ്പേജിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഉള്ളടക്ക വിവരങ്ങളും മുൻഗണനകളും ലോക്കൽ പങ്കിട്ട ഒബ്ജക്റ്റുകൾക്ക് സംഭരിക്കാൻ കഴിയും. ഈ സാങ്കേതികവിദ്യകളെല്ലാം ഞങ്ങളുടെ വെബ്സൈറ്റുകളിലുടനീളം കണക്റ്റുചെയ്ത സവിശേഷതകൾ നൽകാനോ നിങ്ങളുടെ താൽപ്പര്യങ്ങൾ അടിസ്ഥാനമാക്കി മറ്റ് വെബ്സൈറ്റുകളിൽ ടാർഗെറ്റുചെയ്ത IBM പരസ്യം (നിങ്ങളുടെ കുക്കി മുൻഗണനകൾക്ക് വിധേയമായി) പ്രദർശിപ്പിക്കാനോ ഉപയോഗിച്ചേക്കാം. ഇമെയിൽ സന്ദേശങ്ങൾ അല്ലെങ്കിൽ വാർത്താക്കുറിപ്പുകൾ എന്നിവയുമായുള്ള നിങ്ങളുടെ ഇടപെടൽ ട്രാക്ക് ചെയ്യാനും,അതായത് സന്ദേശങ്ങൾ തുറന്നിട്ടുണ്ടോ അല്ലെങ്കിൽ ലിങ്കുകൾ തിരഞ്ഞെടുത്തിട്ടുണ്ടോ എന്നൊക്കെ നിർണ്ണയിക്കാൻ വെബ് ബീക്കണുകൾ ഉപയോഗിച്ചേക്കാം.

പേജിൽ നിന്ന് പേജിലേക്കുള്ള നിങ്ങളുടെ പുരോഗതി ട്രാക്ക് ചെയ്യാൻ സെഷൻ കുക്കികൾ ഉപയോഗിക്കാം, അതുവഴി നിലവിലെ സെഷനിൽ നിങ്ങൾ ഇതിനകം നൽകിയ വിവരങ്ങളോ ഒരു ഇടപാട് പൂർത്തിയാക്കാൻ ആവശ്യമായ വിവരങ്ങളോ നിങ്ങളോട് ആവശ്യപ്പെടില്ല. വെബ് ബ്രൗസർ അടയ്ക്കുമ്പോൾ സെഷൻ കുക്കികൾ മായ്ക്കപ്പെടും. സ്ഥിരമായ കുക്കികൾ ഒരു വെബ്സൈറ്റിലേക്കുള്ള തുടർച്ചയായ സന്ദർശനങ്ങൾക്കായി ഉപയോക്തൃ മുൻഗണനകൾ സംഭരിക്കുന്നു, ഉദാഹരണത്തിന്, നിങ്ങൾ തിരഞ്ഞെടുക്കുന്ന ഭാഷയും രാജ്യത്തിന്റെ സ്ഥാനവും രേഖപ്പെടുത്താൻ. സ്ഥിരമായ കുക്കികൾ 12 മാസത്തിനുള്ളിൽ അവരുടെ ഡാറ്റ മായ്ക്കുന്നു.

ഞങ്ങൾ ഉപയോഗിക്കുന്ന ഓൺലൈൻ ട്രാക്കിംഗ് സാങ്കേതികവിദ്യകളെക്കുറിച്ച് കൂടുതലറിയുന്നതിനും ഞങ്ങളുടെ വെബ്സൈറ്റുകളിൽ നിങ്ങളെക്കുറിച്ച് ഞങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ സംബന്ധിച്ച നിങ്ങളുടെ മുൻഗണനകൾ അവലോകനം ചെയ്യാനോ ക്രമീകരിക്കാനോ നിങ്ങൾക്ക് IBM കുക്കി മാനേജർ ഉപയോഗിക്കാവുന്നതാണ്. നിങ്ങൾ ആദ്യം ഒരു വെബ്പേജ് സന്ദർശിക്കുമ്പോൾ IBM കുക്കി മാനേജർ ഒരു അറിയിപ്പ് വിൻഡോ ആയി അവതരിപ്പിക്കപ്പെടും അല്ലെങ്കിൽ വെബ്സൈറ്റ് അടിക്കുറിപ്പിൽ **കുക്കി മുൻഗണനകൾ** തിരഞ്ഞെടുത്ത് തുറക്കാവുന്നതാണ്. IBM കുക്കി മാനേജർ എല്ലാത്തരം ട്രാക്കിംഗ് സാങ്കേതികവിദ്യകളെയും അഭിസംബോധന ചെയ്യുന്നില്ല (ഉദാഹരണത്തിന്, ഇമെയിൽ പിക്സലുകൾ). മൊബൈൽ ആപ്പുകൾ ഉപയോഗിക്കുമ്പോൾ, ക്രമീകരണങ്ങൾ നിയന്ത്രിക്കാൻ നിങ്ങളുടെ മൊബൈലിലെ ഓപ്ഷനുകൾ ഉപയോഗിക്കുക.

IBM കുക്കികൾ തടയുകയോ പ്രവർത്തനരഹിതമാക്കുകയോ നിരസിക്കുകയോ ചെയ്യുന്നത് ഒരു ഷോപ്പിംഗ് കാർട്ടുമായി ബന്ധപ്പെട്ടതുപോലുള്ള സേവനങ്ങൾ ശരിയായി പ്രവർത്തിക്കാതിരിക്കുന്നതിന് കാരണമായേക്കാം, അല്ലെങ്കിൽ നിങ്ങൾ സൈൻ ഇൻ ചെയ്യേണ്ട വെബ്സൈറ്റുകളുടെയോ IBM Cloud സേവനങ്ങളുടെയോ ഉപയോഗം തടയാവുന്നതുമാണ്. കുക്കികൾ പ്രവർത്തനരഹിതമാക്കുന്നത് മറ്റ് ഓൺലൈൻ ട്രാക്കിംഗ് സാങ്കേതികവിദ്യകളെ പ്രവർത്തനരഹിതമാക്കില്ല, പക്ഷേ കുക്കികളിൽ സംഭരിച്ചിരിക്കുന്ന ഏതെങ്കിലും വിശദാംശങ്ങൾ ആക്സസ് ചെയ്യുന്നതിൽ നിന്ന് മറ്റ് സാങ്കേതികവിദ്യകളെ തടയുന്നു.

ഞങ്ങളുടെ വെബ്സൈറ്റുകൾ മൂന്നാം കക്ഷി സോഷ്യൽ മീഡിയ ഓപ്ഷനുകൾ ഉപയോഗിക്കാനുള്ള സാധ്യത വാഗ്ദാനം ചെയ്യുന്നു. ഈ ഓപ്ഷനുകൾ ഉപയോഗിക്കാൻ നിങ്ങൾ തിരഞ്ഞെടുക്കുകയാണെങ്കിൽ, നിങ്ങളുടെ IP വിലാസം, ആക്സസ് സമയം, വെബ്സൈറ്റ് URL-കൾ എന്നിവ പോലുള്ള നിങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ മൂന്നാം കക്ഷി സൈറ്റുകൾ ലോഗ് ചെയ്തേക്കാം. നിങ്ങൾ ആ സോഷ്യൽ മീഡിയ സൈറ്റുകളിൽ ലോഗിൻ ചെയ്തിട്ടുണ്ടെങ്കിൽ, അവർ ശേഖരിച്ച വിവരങ്ങളും നിങ്ങളുടെ പ്രൊഫൈൽ വിവരങ്ങളുമായി ലിങ്ക് ചെയ്തേക്കാം. ഈ മൂന്നാം കക്ഷി സേവനങ്ങളുടെ സ്വകാര്യതാ സമ്പ്രദായങ്ങളുടെ ഉത്തരവാദിത്തം ഞങ്ങൾ സ്വീകരിക്കുന്നില്ല, കൂടുതൽ വിവരങ്ങൾക്ക് അവരുടെ സ്വകാര്യതാ നയങ്ങൾ അവലോകനം ചെയ്യാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

കുക്കികളെ കുറിച്ചുള്ള വിവരങ്ങൾക്കും ബ്രൗസർ ക്രമീകരണങ്ങൾ ഉപയോഗിച്ച് ഈ സാങ്കേതികവിദ്യകൾ എങ്ങനെ നീക്കംചെയ്യാം എന്നതിനും https://www.allaboutcookies.org/കാണുക.

**കുട്ടികൾ**

മറ്റുവിധത്തിൽ സൂചിപ്പിച്ചിട്ടില്ലെങ്കിൽ, ഞങ്ങളുടെ വെബ്സൈറ്റുകളും ഉൽപ്പന്നങ്ങളും സേവനങ്ങളും അവയുടെ അധികാരപരിധിയിലെ നിയമം അനുസരിച്ച് കുട്ടികൾക്കോ പ്രായപൂർത്തിയാകാത്തവർക്കോ ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതല്ല.

# വ്യക്തിഗത വിവരങ്ങൾ പങ്കിടൽ

IBM-ന്റെ നിയമാനുസൃതമായ ബിസിനസ്സ് ആവശ്യങ്ങൾക്കായി വിതരണക്കാർ, ഉപദേഷ്ടാക്കൾ, അല്ലെങ്കിൽ ബിസിനസ് പങ്കാളികൾ എന്നിവരുമായി നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ ആന്തരികമായും ബാഹ്യമായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനത്തിൽ മാത്രം ഞങ്ങൾ പങ്കുവെച്ചേക്കാം,. ഞങ്ങൾ എങ്ങനെ വിവരങ്ങൾ പങ്കിടുന്നുവെന്നും ആ പങ്കിടൽ എങ്ങനെ സുഗമമാക്കുന്നുവെന്നും ഈ വിഭാഗം വിവരിക്കുന്നു.

## ഞങ്ങൾ എങ്ങനെ വ്യക്തിഗത വിവരങ്ങൾ പങ്കിടുന്നു

വ്യക്തിഗത വിവരങ്ങൾ പങ്കിടുമ്പോൾ, ബാധകമായ നിയമത്തിന് അനുസൃതമായി വിവരങ്ങൾ പങ്കിടാനാകുമെന്ന് സ്ഥിരീകരിക്കുന്നതിന് ഞങ്ങൾ ഉചിതമായ പരിശോധനകളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്നു.

ചില രാജ്യങ്ങളിലെ ബിസിനസുകൾ വിൽക്കാനോ, വാങ്ങാനോ, ലയിപ്പിക്കാനോ അല്ലെങ്കിൽ പുനഃസംഘടിപ്പിക്കാനോ ഞങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, അത്തരം ഇടപാടുകളിൽ ചില സ്വകാര്യ വിവരങ്ങൾ ഭാവിയിൽ ബിസിനസ്സ് വാങ്ങുന്നവരോടോ അല്ലെങ്കിൽ യഥാർത്ഥ ബിസിനസ്സ് വാങ്ങുന്നവരോടോ വെളിപ്പെടുത്തുകയോ അത്തരം ബിസിനസുകൾ വിൽക്കുന്നവരിൽ നിന്നുള്ള വ്യക്തിഗത വിവരങ്ങളുടെ ശേഖരണമോ ഉൾപ്പെട്ടേക്കാം.

കൂടുതലറിയുക

ആന്തരികമായി, ഞങ്ങളുടെ ബിസിനസ് ആവശ്യങ്ങൾക്കായും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ചെലവ് ലാഭിക്കുന്നതിനും ഞങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾ തമ്മിലുള്ള ആന്തരിക സഹകരണത്തിനും ( Red Hat പോലുള്ളവ) ആണ് വ്യക്തിഗത വിവരങ്ങൾ പങ്കിടുന്നത്. ഉദാഹരണത്തിന്, നിങ്ങളുമായും മറ്റ് ബാഹ്യ കക്ഷികളുമായും ഉള്ള ഞങ്ങളുടെ ബന്ധം നിയന്ത്രിക്കൽ, കംപ്ലയിൻസ് പ്രോഗ്രാമുകൾ അല്ലെങ്കിൽ സിസ്റ്റങ്ങളുടെയും നെറ്റ്‌വർക്കുകളുടെയും സുരക്ഷ എന്നിവ പോലുള്ള വ്യക്തിഗത വിവരങ്ങൾ ഞങ്ങൾ പങ്കിട്ടേക്കാം.

വ്യക്തിഗത വിവരങ്ങളിലേക്കുള്ള ഞങ്ങളുടെ ആന്തരിക ആക്സസ് നിയന്ത്രിച്ചിരിക്കുന്നുതും, കൂടാതെ അറിയേണ്ടതിന്റെ അടിസ്ഥാനത്തിൽ മാത്രം അനുവദിച്ചിരിക്കുന്നുതും ആണ്. ഈ വിവരങ്ങൾ പങ്കിടുന്നത് ഉചിതമായ ഇൻട്രാ കമ്പനി ക്രമീകരണങ്ങൾ, ഞങ്ങളുടെ നയങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയ്ക്ക് വിധേയമാണ്. കൂടുതൽ വിവരങ്ങൾക്ക്, നിയമപരമായ അടിസ്ഥാനംകാണുക.

ബാഹ്യമായി,

- വിതരണക്കാരുമായുള്ള ഞങ്ങളുടെ ബിസിനസ്സിൽ ഞങ്ങളുടെ താൽപ്പര്യാർത്ഥം വ്യക്തിഗത വിവരങ്ങളുടെ ശേഖരണം, ഉപയോഗം, വിശകലനം അല്ലെങ്കിൽ മറ്റ് തരത്തിലുള്ള പ്രോസസ്സിംഗ് എന്നിവ ഉൾപ്പെട്ടേക്കാം.
- ഞങ്ങളുടെ ബിസിനസ്സ് മോഡലിൽ IBM ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മാർക്കറ്റിംഗ്, വിൽപന, പ്രൊവിഷൻ എന്നിവയ്ക്കായി സ്വതന്ത്ര ബിസിനസ് പങ്കാളികളുമായുള്ള സഹകരണം ഉൾപ്പെടുന്നു. ഉചിതമായിടത്ത് (ഉദാഹരണത്തിന്, ഒരു ഓർഡർ പൂർത്തീകരിക്കുന്നതിന് ആവശ്യമുള്ളപ്പോൾ), തിരഞ്ഞെടുത്ത ബിസിനസ്സ് പങ്കാളികളുമായി ഞങ്ങൾ ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ പങ്കിടുന്നു.
- അഭിഭാഷകർ, ഓഡിറ്റർമാർ, ഇൻഷുറൻസ് കമ്പനികൾ എന്നിവയുൾപ്പെടെയുള്ള പ്രൊഫഷണൽ ഉപദേശകരുമായി അവരുടെ സേവനങ്ങൾ ലഭിക്കുന്നതിന് ഞങ്ങൾ വ്യക്തിഗത വിവരങ്ങൾ പങ്കിട്ടേക്കാം.
- ഞങ്ങൾ മറ്റുള്ളവരുമായി കരാർ ബന്ധ വിവരങ്ങൾ പങ്കിട്ടേക്കാം, ഉദാഹരണത്തിന്, ഞങ്ങളുടെ ബിസിനസ്സ് പങ്കാളികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഷിപ്പിംഗ് കമ്പനികൾ, തപാൽ അല്ലെങ്കിൽ സർക്കാർ അധികാരികൾ, അതായത് ആ പ്രവർത്തിയിൽ ഉൾപ്പെട്ടിട്ടുള്ള കസ്റ്റംസ് അധികാരികൾ.
- അവരുടെ പ്ലാറ്റ്ഫോമുകളിൽ ടാർഗെറ്റുചെയ്ത IBM പരസ്യങ്ങൾ നൽകുന്നതിനും വിശകലനത്തിനായി വിവരങ്ങൾ ശേഖരിക്കുന്നതിനും ആ പരസ്യങ്ങളുമായുള്ള ഇടപഴകൽ ട്രാക്ക് ചെയ്യുന്നതിനും പരസ്യ സാങ്കേതിക പങ്കാളികൾ, ഡാറ്റ അനലിറ്റിക്സ് ദാതാക്കൾ, IBM ഏർപ്പെട്ടിരിക്കുന്ന സോഷ്യൽ നെറ്റ്‌വർക്കുകൾ എന്നിവ പോലുള്ള വ്യക്തിഗത വിവരങ്ങൾ ഞങ്ങൾ മൂന്നാം കക്ഷികളുമായി പങ്കിട്ടേക്കാം.

ചില സാഹചര്യങ്ങളിൽ, ജുഡീഷ്യൽ നടപടികൾ, കോടതി ഉത്തരവുകൾ അല്ലെങ്കിൽ നിയമപരമായ നടപടിക്രമങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വ്യക്തിഗത വിവരങ്ങൾ സർക്കാർ ഏജൻസികൾക്ക് വെളിപ്പെടുത്തുന്നതിന് വിധേയമായേക്കാം. അത്തരം അവകാശങ്ങളെ ബാധിച്ചേക്കാമെന്ന് IBM വിശ്വസിക്കുമ്പോൾ IBM അല്ലെങ്കിൽ മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഞങ്ങൾ വ്യക്തിഗത വിവരങ്ങളും പങ്കിട്ടേക്കാം, ഉദാഹരണത്തിന് തട്ടിപ്പ് തടയുന്നതിന്.

## അന്താരാഷ്ട്ര കൈമാറ്റങ്ങൾക്ക് സൗകര്യമൊരുക്കുന്നു

നിങ്ങളുടെവ്യക്തിഗത വിവരങ്ങൾ IBM അനുബന്ധ സ്ഥാപനങ്ങൾക്കും ആഗോളതലത്തിൽ മൂന്നാം കക്ഷികൾക്കും കൈമാറുകയോ ആക്സസ് ചെയ്യുകയോ ചെയ്യാം. രാജ്യങ്ങൾക്കിടയിൽ വ്യക്തിഗത വിവരങ്ങൾ കൈമാറുന്നതിനുള്ള നിയമങ്ങൾ നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ എവിടെയായിരുന്നാലും പരിരക്ഷിക്കുന്നതിനായി IBM പാലിക്കുന്നു.

ഇനിപ്പറയുന്നവ ഉൾപ്പെടെ വിവിധ സുരക്ഷാ സംവിധാനങ്ങൾ ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

- EU കമ്മീഷൻ അംഗീകരിച്ചതും മറ്റ് നിരവധി രാജ്യങ്ങളിൽ അംഗീകരിച്ചതുമായ കരാർ വ്യവസ്ഥകൾ. ഈ പേജിന്റെ തലക്കെട്ടിൽ **ഞങ്ങളെ സമീപിക്കുക** തിരഞ്ഞെടുക്കുന്നതിലൂടെ നിങ്ങൾക്ക് EU സ്റ്റാൻഡേർഡ് കരാർ വ്യവസ്ഥകളുടെ (EU SCCs) ഒരു പകർപ്പ് അഭ്യർത്ഥിക്കാം.
- ഡാറ്റ പ്രൈവസി ഫ്രെയിംവർക്ക് സർട്ടിഫിക്കേഷൻ. ബാധകമാകുന്നിടത്ത്, ചില നിയുക്ത IBM സേവനങ്ങൾ (ഉദാഹരണത്തിന്, IBM ഇൻഫ്രാസ്ട്രക്ചർ-ആസ്-എ-സർവീസ്, പ്ലാറ്റ്ഫോം-ആസ്-എ-സർവീസ്, സോഫ്റ്റ്‌വെയർ-ആസ്-എ-സർവീസ്, കൂടാതെ മറ്റ് ഹോസ്റ്റ് ചെയ്ത ഓഫറുകൾ തിരഞ്ഞെടുക്കുക) ഡാറ്റ സ്വകാര്യത ചട്ടക്കൂടിനു അനുസൃതമായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.. കൂടുതൽ വിവരങ്ങൾക്ക്, സാക്ഷ്യപ്പെടുത്തിയ IBM Cloud സേവനങ്ങൾക്കായുള്ള IBM ഡാറ്റ പ്രൈവസി ഫ്രെയിംവർക്ക് നയം കാണുക.
- കൺട്രോളറുകൾക്കുള്ള കോർപ്പറേറ്റ് നിയമങ്ങൾ ബന്ധിക്കുന്നു ( IBM BCR-C). യൂറോപ്യൻ ഡാറ്റാ പ്രൊട്ടക്ഷൻ അതോറിറ്റികളും UK ഇൻഫർമേഷൻ കമ്മീഷണർ ഓഫീസും ഞങ്ങൾക്ക് BCR-C അംഗീകാരം നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്, IBM കൺട്രോളർ ബന്ധിക്കുന്ന കോർപ്പറേറ്റ് നിയമങ്ങൾകാണുക.
- ഈ സ്വകാര്യതാ പ്രസ്താവനയിൽ വിവരിച്ചിരിക്കുന്ന IBM-ന്റെ സ്വകാര്യതാ സമ്പ്രദായങ്ങൾ, APEC ക്രോസ് ബോർഡർ പ്രൈവസി റൂൾസ് ഫ്രെയിംവർക്കിന് അനുസൃതമാണ്. APEC ക്രോസ് ബോർഡർ സ്വകാര്യതാ നിയമങ്ങൾ ibm.com വഴി ശേഖരിക്കുന്ന ഓൺലൈൻ വിവരങ്ങളെ സംബന്ധിച്ചിടത്തോളം (CBPR) സിസ്റ്റം APEC സമ്പദ്‌വ്യവസ്ഥയിൽ പങ്കെടുക്കുന്നവർക്കിടയിൽ കൈമാറ്റം ചെയ്യപ്പെടുന്ന വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം നൽകുന്നു

## കൺട്രോളറും പ്രതിനിധി വിവരങ്ങളും

IBM ലോകമെമ്പാടുമുള്ള അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ വഴിയാണ് ബിസിനസ്സ് നടത്തുന്നത്. ചില രാജ്യങ്ങളിലെ സ്വകാര്യതാ നിയമങ്ങൾ വ്യക്തിഗത വിവരങ്ങളുടെ പ്രോസസ്സിംഗ് നടക്കുന്നതിനും ആ വിവരങ്ങൾ എങ്ങനെ പ്രോസസ്സ് ചെയ്യപ്പെടുന്നു എന്നതും നിർവ്വചിക്കുന്നതിനും ഒരു കൺട്രോളറെ (അല്ലെങ്കിൽ സ്വാഭാവിക വ്യക്തിയെ) നിയമപരമായ സ്ഥാപനമായി കണക്കാക്കുന്നു. ഒരു കൺട്രോളറെ പ്രതിനിധീകരിച്ച് പ്രോസസ്സിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികളെ പ്രോസസറായി നിയമിച്ചേക്കാം. അധികാരപരിധിയെ ആശ്രയിച്ച് പദവികളും അനുബന്ധ ബാധ്യതകളും വ്യത്യാസപ്പെടുന്നതാണ്.

നിങ്ങളുടെ രാജ്യത്തെ സ്വകാര്യതാ നിയമങ്ങൾക്ക് ഇത് പ്രസക്തമാണെങ്കിൽ, ഇന്റർനാഷണൽ ബിസിനസ് മെഷീൻസ് കോർപ്പറേഷൻ ( IBM കോർപ്പറേഷൻ) ഒഴികെ, നിങ്ങളുടെ രാജ്യത്തിലോ പ്രദേശത്തോ ഉള്ള IBM പ്രധാന ഉപസ്ഥാപനമായിരിക്കും നിങ്ങളുടെ സ്വകാര്യ വിവരങ്ങളുടെ കൺട്രോളർ. അല്ലെങ്കിൽ മറ്റൊരു IBM അനുബന്ധ സ്ഥാപനം നിങ്ങളുമായി ഒരു പ്രത്യേക ഇടപെടലിനുള്ള കൺട്രോളറായി സ്വയം തിരിച്ചറിയുന്നതാണ്.

നിങ്ങളുടെ രാജ്യമോ പ്രദേശമോ തിരഞ്ഞെടുത്ത ശേഷം, ibm.com വെബ്സൈറ്റുകളുടെ അടിക്കുറിപ്പിൽ കോൺടാക്റ്റ് തിരഞ്ഞെടുത്താൽ ഒരു രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ ഞങ്ങളുടെ പ്രധാന അനുബന്ധ സ്ഥാപനത്തിന്റെ കോൺടാക്റ്റ് വിശദാംശങ്ങൾ കണ്ടെത്താനാകും. IBM കോർപ്പറേഷനുമായി ബന്ധപ്പെടാം:: ഇന്റർനാഷണൽ ബിസിനസ് മെഷീൻസ് കോർപ്പറേഷൻ, 1, നോർത്ത് കാസിൽ ഡ്രൈവ്, ആർമോങ്ക്, ന്യൂയോർക്ക്, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക.

നിയമപരമായ ഒരു പ്രതിനിധിയെ നിയമിക്കുന്നതിന് IBM കോർപ്പറേഷനോ അത് നിയന്ത്രിക്കുന്ന ഒരു അനുബന്ധ സ്ഥാപനമോ ആവശ്യപ്പെടുന്നിടത്ത്, ഇനിപ്പറയുന്ന പ്രതിനിധികളെ നിയമിച്ചിരിക്കുന്നു.

European Economic Area (EEA)

IBM International Group B.V.,
Johan Huizingalaan 765,
1066 VH Amsterdam,
The Netherlands

United Kingdom (UK)

IBM United Kingdom Limited,
PO Box 41, North Harbour,
Portsmouth,
Hampshire, PO6 3AU,
United Kingdom

## വിവര സുരക്ഷയും നിലനിർത്തലും

അനധികൃത ആക്സസ്, ഉപയോഗം, വെളിപ്പെടുത്തൽ എന്നിവയിൽ നിന്ന് നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ പരിരക്ഷിക്കുന്നതിന്, ഞങ്ങൾ ന്യായമായ ഭൗതികവും ഭരണപരവും സാങ്കേതികവുമായ സംരക്ഷണങ്ങൾ നടപ്പിലാക്കുന്നു. റോൾ അധിഷ്ഠിത ആക്സസ്സ് നിയന്ത്രണങ്ങളും യാത്രയിലായിരിക്കുമ്പോൾ സ്വകാര്യ വിവരങ്ങൾ സ്വകാര്യമായി സൂക്ഷിക്കുന്നതിനുള്ള എൻക്രിപ്ഷനും ഈ സുരക്ഷാസംവിധാനങ്ങളിൽ ഉൾപ്പെടുന്നു. അനധികൃത ആക്സസ്, ഉപയോഗം, വെളിപ്പെടുത്തൽ എന്നിവയിൽ നിന്ന് വിവരങ്ങൾ പരിരക്ഷിക്കുന്നതിന്, കരാർ നിബന്ധനകളും ആക്സസ് നിയന്ത്രണങ്ങളും പോലുള്ള ഉചിതമായ സുരക്ഷാ മാർഗ്ഗങ്ങൾ ഞങ്ങളുടെ ബിസിനസ് പങ്കാളികളും വിതരണക്കാരും മൂന്നാം കക്ഷികളും നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

പൊതുവായി ലഭ്യമായ ഉറവിടങ്ങളിൽ നിന്നാണ് IBM-ന്റെ AI മോഡലുകളും സിസ്റ്റങ്ങളും രൂപകൽപ്പന ചെയ്യുകയും പരിശീലിപ്പിക്കുകയും സാധൂകരിക്കുകയും പരിശോധിക്കുകയും ചെയ്തിരിക്കുന്നത്. അതിൽ ആകസ്മികമായി വ്യക്തിഗത വിവരങ്ങൾ അടങ്ങിയിരിക്കാം. അതുമായി ബന്ധപ്പെട്ട ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും വിശ്വസനീയമായ AI-യുടെ ഉത്തരവാദിത്തത്തോടെയുള്ള വികസനത്തിനും വിന്യാസത്തിനും പരിഹാരം കാണുന്നതിന് ഞങ്ങൾ സുരക്ഷാ മാർഗ്ഗങ്ങളും പ്രക്രിയകളും ടൂളുകളും നടപ്പിലാക്കിയിട്ടുണ്ട്.

വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനോ നിയമപരവും നിയന്ത്രണപരവുമായ നിലനിർത്തൽ ആവശ്യകതകൾ പാലിക്കുന്നതിനോ ആവശ്യമുള്ളിടത്തോളം മാത്രമേ ഞങ്ങൾ സൂക്ഷിക്കുകയുള്ളൂ. നിയമപരവും നിയന്ത്രണപരവുമായ നിലനിർത്തൽ ആവശ്യകതകളിൽ ഇനിപ്പറയുന്നതിനായുള്ള വിവരങ്ങൾ നിലനിർത്തുന്നത് ഉൾപ്പെട്ടേക്കാം:

- ഓഡിറ്റ്, അക്കൗണ്ടിംഗ് ഉദ്ദേശ്യങ്ങൾ,
- നിയമപരമായ നിലനിർത്തൽ നിബന്ധനകൾ,
- തർക്കങ്ങൾ കൈകാര്യം ചെയ്യൽ,
- ഞങ്ങൾ ബിസിനസ്സ് നടത്തുന്ന രാജ്യങ്ങളിൽ നിയമപരമായ ക്ലെയിമുകളുടെ സ്ഥാപനം, നടപ്പിലാക്കൽ അല്ലെങ്കിൽ പ്രതിരോധം.

അഡ്മിനിസ്ട്രേറ്റീവ് ആവശ്യങ്ങൾ, നിയമപരവും നിയന്ത്രണപരവുമായ നിലനിർത്തൽ ആവശ്യകതകൾ, IBM അവകാശങ്ങൾ സംരക്ഷിക്കൽ, നിങ്ങളുമായി IBM ന്റെ ബന്ധം നിയന്ത്രിക്കൽ എന്നിവയ്ക്കായി ഞങ്ങൾ ഏതെങ്കിലും കരാർ ബന്ധ വിവരങ്ങൾ സൂക്ഷിക്കുന്നു. ഒരു അനുബന്ധ സ്വകാര്യതാ അറിയിപ്പിൽ നൽകിയിരിക്കുന്ന വിവരങ്ങൾ, ബാധകമായ നിലനിർത്തൽ നിബന്ധനകളെക്കുറിച്ചുള്ള കൂടുതൽ വിശദമായ വിവരങ്ങൾ നൽകിയേക്കാം.

വ്യക്തിഗത വിവരങ്ങൾ ഇനി ആവശ്യമില്ലെങ്കിൽ, അത് സുരക്ഷിതമായി ഇല്ലാതാക്കുന്നതിനുള്ള പ്രക്രിയകൾ ഞങ്ങൾക്കുണ്ട്, ഉദാഹരണത്തിന് ഇലക്ട്രോണിക് ഫയലുകൾ മായ്ക്കുക ഫിസിക്കൽ റെക്കോർഡുകൾ കീറിമുറിച്ചു നശിപ്പിക്കുക പോലുള്ളവ.

# നിങ്ങളുടെ അവകാശങ്ങൾ

നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിങ്ങൾക്ക് ചില അവകാശങ്ങളുണ്ട്. ഈ പേജിന്റെ തലക്കെട്ടിലെ **ഞങ്ങളെ സമീപിക്കുക** ഫോം ഈ കാര്യങ്ങൾക്കായി ഉപയോഗിക്കാം:

- ഞങ്ങളുടെ പക്കലുള്ള നിങ്ങളുടെ വ്യക്തിഗത വിവരങ്ങളിലേക്ക് ആക്സസ് അഭ്യർത്ഥിക്കുക, അല്ലെങ്കിൽ അത് അപ്ഡേറ്റ് ചെയ്യുകയോ ശരിയാക്കുകയോ ചെയ്യുക. ബാധകമായ നിയമത്തെ ആശ്രയിച്ച്, നിങ്ങളുടെ വ്യക്തിഗത വിവരങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് ചില അധിക അവകാശങ്ങൾ ഉണ്ടായിരിക്കാം.
- നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ ഉപയോഗയോഗ്യമായ ഫോർമാറ്റിൽ നേടുന്നതിനും അത് മറ്റൊരു കക്ഷിക്ക് കൈമാറുന്നതിനും അഭ്യർത്ഥിക്കുക (ഡാറ്റ പോർട്ടബിലിറ്റിക്കുള്ള അവകാശം എന്നും അറിയപ്പെടുന്നു);
- നിങ്ങളെക്കുറിച്ച് ഞങ്ങൾ കൈവശം വച്ചിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ഇല്ലാതാക്കാനുള്ള അഭ്യർത്ഥന;
- ടാർഗെറ്റുചെയ്ത പരസ്യം പോലുള്ള നിർദ്ദിഷ്ട വ്യക്തിഗത വിവര പ്രോസസ്സിംഗ് തരങ്ങൾ ഒഴിവാക്കുക
- ഈ സ്വകാര്യതാ പ്രസ്താവനയും സ്വകാര്യതാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുക. IBM-ന്റെ ഡാറ്റാ പ്രൈവസി ടീമിലെ, ഉത്തരവാദിത്തപ്പെട്ട ഡാറ്റാ പ്രൊട്ടക്ഷൻ ഓഫീസർമാർ ഉൾപ്പെടെയുള്ള, ഉചിതമായ അംഗത്തിന് നിങ്ങളുടെ സന്ദേശം കൈമാറുന്നു.
- IBM നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ എങ്ങനെ പ്രോസസ്സ് ചെയ്യുന്നു എന്നതിൽ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ IBM ന് ഒരു പരാതി സമർപ്പിക്കുക.

ഡാറ്റ അവകാശ അഭ്യർത്ഥന വിശദാംശങ്ങൾ

നിങ്ങൾ ഒരു ഡാറ്റാ റൈറ്റ്സ് (DR) അഭ്യർത്ഥന സമർപ്പിക്കുമ്പോൾ, നിങ്ങളുടെ അഭ്യർത്ഥനയോട് പ്രതികരിക്കാൻ ഞങ്ങൾ ഉപയോഗിക്കുന്ന നിങ്ങളുടെ പേരും ബന്ധപ്പെടാനുള്ള വിശദാംശങ്ങളും ഉൾപ്പെടെയുള്ള വ്യക്തിഗത വിവരങ്ങൾ നിങ്ങൾ ഞങ്ങൾക്ക് നൽകുന്നു. ചില സാഹചര്യങ്ങളിൽ, നിങ്ങളുടെ ഐഡന്റിറ്റി സ്ഥിരീകരിക്കുന്നതിനും ശരിയായ വ്യക്തിക്ക് ഞങ്ങൾ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും, നിങ്ങളുടെ ഫോട്ടോ ഐഡിയുടെ ഒരു പകർപ്പും ഞങ്ങൾ അഭ്യർത്ഥിച്ചേക്കാം, അത് നിങ്ങളുടെ ഐഡന്റിറ്റി പരിശോധിച്ചതിന് ശേഷം ഉടൻ തന്നെ ഇല്ലാതാക്കപ്പെടും.

നിങ്ങളുടെ DR അഭ്യർത്ഥന പ്രകാരം, IBM-ന്റെ നിയമപരമായ ബാധ്യതകൾക്കും DR-കളുമായി ബന്ധപ്പെട്ട പ്രതിബദ്ധതകൾക്കും അനുസൃതമായി നിങ്ങളുടെ DR അഭ്യർത്ഥന കൈകാര്യം ചെയ്യുന്നതിനും നിറവേറ്റുന്നതിനുമായി നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്നു.

IBM Privacy Portal ലെ DR വെബ്ഫോം ഉപയോഗിച്ച് നിങ്ങൾ സമർപ്പിച്ച അഭ്യർത്ഥനകളുടെ നില അഭ്യർത്ഥന പൂർത്തിയാക്കിയതിന് ശേഷം 90 ദിവസത്തേക്ക് നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. നിങ്ങളുടെ DR അഭ്യർത്ഥനയുമായി ബന്ധപ്പെട്ട ഡാറ്റ,അതുമായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായേക്കാവുന്ന ഏത് അഭ്യർത്ഥനയും പരിഹരിക്കാനും IBM കംപ്ലയിൻസിനും റെക്കോർഡിംഗ് ആവശ്യങ്ങൾക്കുമായി, IBM നിങ്ങളുടെ അവസാന DR മായി ബന്ധപ്പെട്ട ആശയവിനിമയത്തിന്റെ തീയതി മുതൽ കുറഞ്ഞത് മൂന്ന് വർഷത്തേക്ക് നിലനിർത്തും,.

നിങ്ങളുടെ ഡാറ്റ ഞങ്ങൾ എങ്ങനെ പ്രോസസ്സ് ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഞങ്ങൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തിഗത വിവരങ്ങൾ, കാണുക.

നിങ്ങളുടെ അവകാശങ്ങൾ ബാധകമായ നിയമങ്ങളുടെ ഫലമായുണ്ടാകുന്ന പരിമിതികൾക്കും ഒഴിവാക്കലുകൾക്കും വിധേയമായേക്കാം. ഉദാഹരണത്തിന്, നിങ്ങൾ അന്വേഷിക്കുന്ന ചില വിവരങ്ങൾ വെളിപ്പെടുത്തുന്നത് മറ്റുള്ളവരെ കുറിച്ചുള്ള വിവരങ്ങളും വെളിപ്പെടുത്തുന്നുവെങ്കിൽ നിങ്ങൾ അന്വേഷിക്കുന്ന ചില വിവരങ്ങൾ ഞങ്ങൾക്ക് പങ്കിടാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകാം.

യോഗ്യതയുള്ള സൂപ്പർവൈസറി അതോറിറ്റിക്ക് പരാതിപ്പെടാനുള്ള അവകാശവും നിങ്ങൾക്കുണ്ട്. അധിക അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, അവ ബാധകമാകുമ്പോൾ, യോഗ്യതയുള്ള സൂപ്പർവൈസറി അതോറിറ്റിക്ക് പരാതിപ്പെടാനുള്ള അവകാശം എന്നിവ ഇവിടെ കണ്ടെത്താനാകും.

നിങ്ങൾക്ക് സ്വകാര്യതയോ ഡാറ്റാ ഉപയോഗമോ സംബന്ധിച്ച പരിഹരിക്കപ്പെടാത്ത ആശങ്കയുണ്ടെങ്കിൽ, ഞങ്ങൾ അത് തൃപ്തികരമായി അഭിസംബോധന ചെയ്തിട്ടില്ലെങ്കിൽ, ദയവായി യുഎസ് ആസ്ഥാനമായുള്ള ഞങ്ങളുടെ മൂന്നാം കക്ഷി തർക്ക പരിഹാര ദാതാവിനെ ഇവിടെ (സൗജന്യമായി) ബന്ധപ്പെടുക.

നിങ്ങളുടെ മാർക്കറ്റിംഗ് ആശയവിനിമയ മുൻഗണനകൾ സജ്ജീകരിക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ, IBM Privacy Preference Center സന്ദർശിക്കുക. നിങ്ങൾക്കു ഒന്നുകിൽ ഒഴിവാക്കൽ അഭ്യർത്ഥന അല്ലെങ്കിൽ ഓരോ മാർക്കറ്റിംഗ് ഇമെയിലിന്റെയും ചുവടെ ഉള്ള **അൺസബ്സ്ക്രൈബ് ചെയ്യുക**, തിരഞ്ഞെടുക്കുക.

# നിയമപരമായ അടിസ്ഥാനം

ചില അധികാരപരിധികളിൽ, വ്യക്തിഗത വിവരങ്ങൾ നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നത് ഒരു ന്യായീകരണത്തിന് വിധേയമാണ്, ചിലപ്പോൾ നിയമപരമായ അടിസ്ഥാനം എന്ന് വിളിക്കപ്പെടുന്നു. നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നതിന് ഞങ്ങൾ ആശ്രയിക്കുന്ന നിയമപരമായ അടിസ്ഥാനങ്ങൾ ഉദ്ദേശ്യത്തെയും ബാധകമായ നിയമത്തെയും ആശ്രയിച്ച് വ്യത്യാസപ്പെടുന്നു.

ഞങ്ങൾ ഉപയോഗിച്ചേക്കാവുന്ന വ്യത്യസ്ത നിയമപരമായ അടിസ്ഥാനങ്ങൾ ഇവയാണ്:

### നിങ്ങളുമായുള്ള ഒരു കരാറിന്റെ പ്രകടനത്തിന് അത്യാവശ്യമാണ്

നിങ്ങളുടെ കോൺടാക്റ്റ് വിശദാംശങ്ങൾ, പേയ്മെന്റ് വിശദാംശങ്ങൾ, ഷിപ്പ്മെന്റ് വിശദാംശങ്ങൾ എന്നിവ പോലുള്ള ചില വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യേണ്ടിവരുമ്പോൾ, ഞങ്ങളുടെ ബാധ്യതകൾ നിറവേറ്റുന്നതിനോ ഞങ്ങളുടെ നിങ്ങൾക്കൊപ്പമുള്ള കരാർ ബന്ധം കൈകാര്യം ചെയ്യുന്നതിനോ ഞങ്ങൾ ഈ നിയമപരമായ അടിസ്ഥാനത്തിലാണ് ആശ്രയിക്കുന്നത്.

ഉദാഹരണങ്ങൾ:
- നിങ്ങൾ ഒരു ഉൽപ്പന്നമോ സേവനമോ വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, നിങ്ങളുമായി ഒരു കരാറിൽ ഏർപ്പെടുന്നതിന് നിങ്ങളുടെ ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ ഞങ്ങൾക്ക് ആവശ്യമാണ് അല്ലെങ്കിൽ ഓൺലൈനായി വാങ്ങിയ ഉൽപ്പന്നം ആക്സസ് ചെയ്യാൻ നിങ്ങൾ ഒരു IBMid സൃഷ്ടിക്കേണ്ടതുണ്ട് (ങ്ങളുടെ പ്രൊഫൈൽ) കാണുക.
- ഒരു കോൺടാക്റ്റ് നിറവേറ്റുമ്പോൾ, നിങ്ങൾക്ക് പിന്തുണ സേവനങ്ങൾ, സ്വീകരിക്കേണ്ടി വന്നേക്കാം, ഇതിനായി ഞങ്ങൾക്ക് നിങ്ങളുടെ ബന്ധപ്പെടാനുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.
- ജോലി അപേക്ഷകരെ പരിഗണിക്കുന്നതിനോ വിരമിച്ചവരുടെ പെൻഷൻ അവകാശങ്ങൾ കൈകാര്യം ചെയ്യുന്നതിനോ ഞങ്ങൾക്ക് വ്യക്തിഗത വിവരങ്ങൾ ആവശ്യമാണ് (റിക്രൂട്ട്മെന്റും മുൻ ജീവനക്കാരും)കാണുക.

### IBM-ന്റെ അല്ലെങ്കിൽ ഒരു മൂന്നാം കക്ഷിയുടെ നിയമാനുസൃത താൽപ്പര്യങ്ങൾക്ക് ആവശ്യമാണ്

ഞങ്ങളുടെ ഓഫറുകളുടെ വിപണനം, ഞങ്ങളുടെ നിയമപരമായ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ, ഞങ്ങളുടെ ഐടി പരിതസ്ഥിതി സുരക്ഷിതമാക്കൽ അല്ലെങ്കിൽ ക്ലയന്റ് ആവശ്യകതകൾ നിറവേറ്റൽ എന്നിവ ഉൾപ്പെടുന്ന ബിസിനസ്സ് നടത്താനും സംഘടിപ്പിക്കാനും കഴിയുന്നതുമായി നിയമാനുസൃത താൽപ്പര്യങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു.
ഉദാഹരണങ്ങൾ:

- ഞങ്ങളുടെ വെബ്സൈറ്റുകളിലെ നിങ്ങളുടെ ഉപയോഗവും ആശയവിനിമയവും അവ മെച്ചപ്പെടുത്താൻ ഞങ്ങൾ ശേഖരിക്കുന്നു.
- ഞങ്ങൾ ഞങ്ങളുടെ സേവനങ്ങളുടെ ആക്സസ് അംഗീകാരം നിയന്ത്രിക്കുന്നതിന് നിങ്ങളുടെ IBMid പ്രോസസ്സ് ചെയ്യുന്നു(നിങ്ങളുടെ അക്കൗണ്ട്കാണുക)
- നിങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനത്തിനൊപ്പം,ഞങ്ങൾക്ക് കരാർ ബന്ധം ഉള്ളപ്പോൾ ഈ കരാർ കൈകാര്യം ചെയ്യാൻ ഉപയോഗിക്കുന്ന നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്നതിന് ഞങ്ങൾക്ക് നിയമപരമായ താൽപ്പര്യമുണ്ട്.
- നിങ്ങളുമായുള്ള ഞങ്ങളുടെ ഇടപെടലുകൾ ക്രമീകരിക്കുന്നതിനും ഞങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും നിങ്ങളുടെ ബിസിനസ്സ് കോൺടാക്റ്റ് വിവരങ്ങൾ മറ്റ് ബിസിനസ്സ് പ്രസക്തമായ വിവരങ്ങളുമായി സംയോജിപ്പിച്ച് ഞങ്ങൾ പ്രോസസ്സ് ചെയ്യുന്നു (നിങ്ങളുടെ അക്കൗണ്ട്കാണുക). മാർക്കറ്റിങ്ങും ബിസിനസ്സ് ബുദ്ധിയും വികസിപ്പിക്കുന്നതിനായി നിങ്ങൾ പങ്കെടുത്ത ഒരു IBM ഇവന്റിന്റെ വിശദാംശങ്ങളോടൊപ്പം നിങ്ങളുടെ കോൺടാക്റ്റ് വിവരങ്ങളും ഞങ്ങൾ പ്രോസസ്സ് ചെയ്തേക്കാം.
- അനുയോജ്യമായ പ്രതിഭകളെ ലഭിക്കുന്നതിന് ഞങ്ങളുടെ നിയമാനുസൃത താൽപ്പര്യത്തെ അടിസ്ഥാനമാക്കി ഞങ്ങൾ അപേക്ഷകരുടെ വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്നു (റിക്രൂട്ട്മെന്റും മുൻ ജീവനക്കാരുംകാണുക).
- ഞങ്ങളുടെ പൊതു ബിസിനസ് പ്രവർത്തനങ്ങൾ പ്രവർത്തനയോഗ്യമായി സൂക്ഷിക്കണം. ഇതിനായി, ഉദാഹരണത്തിന്, സുരക്ഷയ്ക്കും സുരക്ഷാ ആവശ്യങ്ങൾക്കും വേണ്ടി ഞങ്ങളുടെ IBM ലൊക്കേഷനുകളിലെ ഐടി സിസ്റ്റങ്ങളുടെയും നെറ്റ്വർക്കുകളുടെയും ലോഗിൻ വിവരങ്ങൾ അല്ലെങ്കിൽ സിസിടിവി ഫൂട്ടേജ് പ്രോസസ്സ് ചെയ്യാം.

ജുഡീഷ്യൽ, അഡ്മിനിസ്ട്രേറ്റീവ് അല്ലെങ്കിൽ ആർബിട്രൽ നടപടികളിൽ ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ആവശ്യമുള്ളിടത്ത് ഞങ്ങൾ വ്യക്തിഗത വിവരങ്ങളും പ്രോസസ്സ് ചെയ്തേക്കാം. ഒരു പ്രത്യേക നിയമപരമായ അടിത്തറയില്ലാത്ത രാജ്യങ്ങളിലെ നിയമാനുസൃത താൽപ്പര്യത്തിന്റെ നിയമപരമായ അടിത്തറയിൽ ഇത് ഉൾപ്പെടുന്നു.

ക്രെഡിറ്റ് പരിരക്ഷയ്ക്കായി ഞങ്ങൾ വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യുന്നു, ഇത് ബ്രസീലിയൻ നിയമത്തിന് (LGPD) കീഴിലുള്ള ഒരു പ്രത്യേക നിയമപരമായ അടിത്തറയാണ്, എന്നാൽ മറ്റ് രാജ്യങ്ങളിലെ നിയമാനുസൃത താൽപ്പര്യത്തിന്റെ നിയമപരമായ അടിസ്ഥാനത്തിലും ഇത് പരിരക്ഷിക്കപ്പെടുന്നു.

### സമ്മതം

ഞങ്ങളുടെ അഭ്യർത്ഥനയിൽ നിങ്ങളുടെ സമ്മതത്തെ അടിസ്ഥാനമാക്കി ആയിരിക്കും പ്രോസസ്സിംഗ്.
ഉദാഹരണം:

- കുക്കികളും സമാന സാങ്കേതികവിദ്യകളും അല്ലെങ്കിൽ ഇമെയിൽ മാർക്കറ്റിംഗ് സാമഗ്രികൾഎന്നിവയുടെ ഓപ്ഷണൽ ഉപയോഗം.

### നിയമപരമായ ബാധ്യത

നിയമപരമായ ബാധ്യതയെ അടിസ്ഥാനമാക്കി ചില വ്യക്തിഗത വിവരങ്ങൾ പ്രോസസ്സ് ചെയ്യേണ്ടി വരുന്ന ഇടങ്ങൾ.
ഉദാഹരണം:

- സാമ്പത്തിക ഇടപാട് പോലുള്ള ചില ഇടപാടുകൾക്കായി സർക്കാർ നൽകിയ ഐഡി ആവശ്യപ്പെടാൻ ഞങ്ങൾ ബാധ്യസ്ഥരായിരിക്കാം (കരാർ ബന്ധംകാണുക).

## സ്വകാര്യതാ പ്രസ്താവന അപ്ഡേറ്റുകൾ

ഈ സ്വകാര്യതാ പ്രസ്താവനയിൽ കാര്യമായ മാറ്റം വരുത്തിയാൽ, പ്രാബല്യത്തിൽ വരുന്ന തീയതി പരിഷ്കരിക്കുകയും 30 ദിവസത്തേക്ക് അപ്ഡേറ്റ് ചെയ്ത സ്വകാര്യതാ പ്രസ്താവനയിൽ ഒരു അറിയിപ്പ് പോസ്റ്റ് ചെയ്യുകയും ചെയ്യും. ഒരു പുനരവലോകനം പ്രാബല്യത്തിൽ വന്നതിന് ശേഷവും ഞങ്ങളുടെ വെബ്സൈറ്റുകളും സേവനങ്ങളും ഉപയോഗിക്കുന്നത് തുടരുന്നതിലൂടെ, ഉപയോക്താക്കൾ മാറ്റങ്ങൾ വായിച്ച് മനസ്സിലാക്കിയതായി കണക്കാക്കുന്നു.

സ്വകാര്യതാ പ്രസ്താവനയുടെ മുൻ പതിപ്പുകൾ ഇവിടെ ലഭ്യമാണ്.

**ഈ റിലീസിൽ അപ്ഡേറ്റ് ചെയ്ത വിഭാഗങ്ങൾ:**

1. Additional Data Subject Rights: Saudi Arabia

**മറ്റ് ലിങ്കുകൾ**

- നിങ്ങളുടെ കൂടുതൽ അവകാശങ്ങൾ →
- കാലിഫോർണിയ അനുബന്ധ സ്വകാര്യതാ പ്രസ്താവന →
- സർട്ടിഫൈഡ് IBM Cloud സേവനങ്ങൾക്കായുള്ള IBM ഡാറ്റ പ്രൈവസി ഫ്രെയിംവർക്ക് നയം →
- IBM കൺട്രോളറെ ബന്ധിക്കുന്ന കോർപ്പറേറ്റ് നിയമങ്ങൾ →
- IBM ട്രസ്റ്റ് സെന്റർ →

TRUSTe Certified Privacy Powered by TrustArc

TRUSTe APEC Privacy Powered by TrustArc